
# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

വാല്യം 34 ലക്കം ഒക്ടോബർ 2016 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

# പിതൃമൊഴി



ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ


പ്രാർത്ഥന കൂടാതെ
വിശുദ്ധിയും
ആന്തരികജീവിതവും
ഉണ്ടായിരിക്കുക
അസാദ്ധ്യമാണ്.

ജീവിതത്തിലെ പ്രതിസന്ധികളിൽ
നഷ്ടധൈര്യരാകാതെ
വീണ്ടും വീണ്ടും
ആരംഭിക്കുന്നതിനുള്ള
ധൈര്യമുണ്ടാകണം.

ഈ ലോകത്തിൽ ഏതു
ജീവിതസാഹചര്യത്തിലായിരുന്നാലും
ഈശോയുടെ ശബ്ദവും
സാക്ഷ്യവുമായിരിക്കുക
എന്നതാണ് പ്രധാനം.

അല്പം മാത്രമേ ചെയ്തുള്ളൂ
എങ്കിലും
പൂർണതയിൽ ചെയ്യുക.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 34 പള്ളിക്കൂദാശ ലക്കം, ഒക്ടോബർ 2016

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

## ഉള്ളടക്കം


- നിത്യാനന്ദം സ്വന്തമാക്കാൻ 05
- സഭ: മിശിഹായുടെ സ്നേഹത്തിൽ നിലനിൽക്കുന്ന സമൂഹം 08
- അവന്റെ ചാട്ടവാർ ഇനിയും ഉയരുമോ? 11
- കുടുംബം: കരുണയുടെ അനുഭവവേദി 14
- കൈ ഉയർത്തി പ്രാർത്ഥിക്ക് ചേട്ടാ 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- Christian Meaning of Suffering 20
- കൂപ്പുകൈ 23
- അക്കമിട്ടെണ്ണുവാൻ ആർക്കാണാവുക 24
- നിലയ്ക്കാത്ത നാദം 27
- അപരനിലേക്ക് 28
- സെനക്കിൾ തരംഗം 31
- ദൈവം ഷോപ്പിംഗ് മാളിന്റെ ഉടമസ്ഥനോ? 32
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34



രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


എഡിറ്റോറിയൽ

# സ്വർഗരാജ്യത്തിലേക്കുള്ള യാത്ര

വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്റെ ഏകജാതനെ നല്കാൻ (യോഹ 3,16) ദൈവം തയ്യാറായി. എല്ലാവർക്കും നിത്യജീവൻ നല്കുക എന്ന പിതാവിന്റെ ഹിതപൂർത്തീകരണത്തിനായാണ് മിശിഹാ മനുഷ്യമക്കളുടെയിടയിലേക്കു കടന്നുവന്നത്. "പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും" (യോഹ 6,40). നമുക്കു നിത്യജീവൻ വാഗ്ദാനം ചെയ്ത ഈശോ (1 യോഹ 2,25) "ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകും" (യോഹ 14,3) എന്ന ഉറപ്പും നല്കി.

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകൾ ഉൾക്കൊള്ളുന്ന പള്ളിക്കൂദാശക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. സ്വർഗീയ മഹത്ത്വവും തന്റെ മണവാട്ടിയായ സഭയെ പിതാവിന്റെ മുമ്പിൽ മിശിഹാ സമർപ്പിക്കുന്നതുമൊക്കെ ധ്യാനവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ, ലോകാന്ത്യത്തിലെ സ്വർഗീയവിരുന്നിൽ നമ്മുടെ സാന്നിദ്ധ്യവും ഉറപ്പാക്കണം. 'വഴി'യായ (യോഹ 14,6) ഈശോയിലൂടെ സ്വർഗത്തെ ലക്ഷ്യംവച്ച് നമുക്ക് യാത്ര തുടരാം. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗരാജ്യത്തിൽ വിരുന്നിനിരിക്കും" എന്നരുൾചെയ്ത ഈശോ, "രാജ്യത്തിന്റെ മക്കളാകട്ടെ, പുറത്തുള്ള അന്ധകാരത്തിലേക്ക് എറിയപ്പെടും" (മത്താ 8,11-12) എന്നു കൂട്ടിച്ചേർക്കുന്നുമുണ്ട്. ആ സ്വരം നമ്മെപ്പറ്റിയാകാതിരിക്കട്ടെ. അതിനു തക്കതായ -ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമായ- ഒരു നല്ല ക്രിസ്തീയ ജീവിതം നയിച്ചുകൊണ്ട് ഈലോകയാത്രയിൽ നമുക്കു മുന്നേറാം.

**ചീഫ് എഡിറ്റർ**



# നിത്യാനന്ദം സ്വന്തമാക്കാൻ

**സ്റ്റെഫി മംഗലത്തുകുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

'എന്റെ പിതാവിനാൽ അനുഗൃഹീതരേ വരുവിൻ' (മത്താ 25:34) എന്ന ഈശോയുടെ തിരുവചനം ശ്രവിച്ച് സ്വർഗ്ഗീയ മണവറയിലേക്ക്, അവിടുത്തെ വിരുന്നിനായി പ്രവേശിക്കുന്ന മനോഹരസുദിനത്തെ അനുസ്മരിപ്പിക്കുന്ന കാലമാണ് പള്ളിക്കൂദാശ ക്കാലം. പരി. ത്രിത്വത്തെ, പരി. അമ്മയോടും സകല വിശുദ്ധരോടും മാലാഖാമാരോടുംകൂടെ ആരാധിക്കുന്ന നാളുകൾ-കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയം ആസ്വദിച്ചിട്ടില്ലാത്തതുമായ ആ സൗഭാഗ്യത്തിൽ നമ്മെ സ്നേഹിക്കുക മാത്രം ചെയ്യുന്ന ദൈവത്തിന്റെ കൂടെ, നിത്യമായ ആനന്ദത്തിലായിരിക്കുന്ന ആ ദിവസം എത്ര മനോഹരമായിരിക്കും. അതിനെക്കുറിച്ചുള്ള ഓർമ്മ പോലും നമ്മെ പുളകിതരാക്കുന്നുണ്ട്....ഈശോയുടെ രാജ്യത്തിനവകാശികളാകാൻ തക്കവിധം കരുണയുള്ളവരായിരുന്നോ നാം എന്ന് വിലയിരുത്താൻ കരുണയുടെ വർഷത്തിന്റെ സമാപനദിനമായ ഈശോയുടെ രാജത്വത്തിരുനാൾ നമ്മെ ക്ഷണിക്കുന്നു.

ഒരു നിമിഷം ഒന്നു ചിന്തിക്കാം, ഞാൻ ഇപ്പോൾ എവിടെയാണ്? സ്വർഗ്ഗീയമണവറയെ ലക്ഷ്യംവച്ചുകൊണ്ടുള്ള യാത്രയിലാണോ?

അനാദി മുതൽ എനിക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്താനുള്ള കഠിന പ്രയത്നത്തിലാണോ? എങ്ങനെയാണ് കരുണയുടെ ഈ ഒരു വർഷം ഞാൻ അതിനായി ഒരുങ്ങിയത്? ഞാൻ ഏതു വഴിയിലാണെന്ന് എങ്ങനെ തിരിച്ചറിയാനാകും? ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങളിൽ നാം ഏറെ ധ്യാനവിഷയമാക്കിയ ഒരു തിരുവചനമുണ്ട്: "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത്" (മത്താ 25:40). സുവിശേഷത്തിലെ ധനവാൻ (ലൂക്കാ 16:19-31) സ്വർഗ്ഗത്തിലെത്താതിരുന്നത് തിന്മയൊന്നും പ്രവർത്തിച്ചിട്ടല്ല. കണ്ടാൽ അറപ്പുളവാകുന്ന, നായ്ക്കൾ നക്കിയിരുന്ന, പഴുത്തളിഞ്ഞ ലാസറിനെ ധനവാൻ തന്റെ പടിവാതിലിൽ നിന്നു പുറത്താക്കിയില്ല. പക്ഷേ അവൻ ചെയ്യേണ്ടതു ചെയ്തില്ല എന്ന് അബ്രാഹം അവനെ ഓർമ്മിപ്പിക്കുന്നു. "നിനക്കു ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും" (16:25). താനനുഭവിച്ച സുഖസൗകര്യങ്ങളുടെ ഒരംശം ലാസറിനും ലഭിക്കുവാൻ അവൻ ശ്രദ്ധിച്ചില്ല. ധനവാൻ ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും ധരിക്കുകയും എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്തിരുന്നു (16:19)... ധനവാന്റെ മേശയിൽ നിന്നു വീണിരുന്നവകൊണ്ട് വിശപ്പടക്കാൻ ലാസർ ആഗ്രഹിച്ചു (16:21). സുഭിക്ഷമായി ഭക്ഷിച്ചിരുന്ന ധനവാൻ തന്റെ പടിവാതിൽക്കൽ കിടന്നിരുന്ന ദരിദ്രന്റെ വിശപ്പ് അറിഞ്ഞില്ല. പടിവാതിൽക്കൽനിന്ന് ധനവാന്റെ കാലിത്തൊഴുത്തിലേക്കെങ്കിലും ലാസറിനെ കയറ്റിയിരുന്നെങ്കിൽ നായ്ക്കൾ വന്ന് ആ മനുഷ്യശരീരത്തെ നക്കിത്തുടയ്ക്കുവാനിടയാകുമായിരുന്നില്ല.

ലാസർ ദരിദ്രനാണെന്നു സുവിശേഷം പറയുന്നുണ്ട്. നമ്മുടെ ചുറ്റും ദരിദ്രരുണ്ട്. പണത്തിനും ഭക്ഷണത്തിനുംവേണ്ടി ദാരിദ്ര്യമനുഭവിക്കുന്നവരെക്കാൾ സ്നേഹത്തിന്റെ ദാരിദ്ര്യമനുഭവിക്കുന്നവരാണ് ഇന്നത്തെ ലോകത്തിൽ ഏറെയും. 'ഇന്നത്തെ ലോകത്തിന്റെ ഏറ്റം വലിയ ദാരിദ്ര്യം സ്നേഹത്തിന്റെ ദാരിദ്ര്യമാണെ'ന്ന് കൊൽക്കത്തയിലെ വി. മദർ തെരേസ പറയുന്നു. എന്റെ കുടുംബത്തിൽ ഓരോരുത്തരെയും പ്രാർത്ഥനയുടെ വിഷയമാക്കാം. ഞാൻ വേണ്ടിടത്തോളം സ്നേഹം നല്കാത്തതിനാൽ അവർക്കു ദാരിദ്ര്യം അനുഭവപ്പെടുന്നുണ്ടോ? എന്റെ അയൽപക്കങ്ങളിൽ, ജോലിസ്ഥലങ്ങളിൽ.. ഓരോ വ്യക്തികളെയും എടുത്ത് നമുക്കവരോടുള്ള സ്നേഹബന്ധം വിലയിരുത്താം. എന്റെ അവഗണന അവരെ സ്നേഹം ലഭിക്കാത്ത ദരിദ്രരാക്കിയോ? സ്നേഹത്തിന്റെ സമ്പന്നത മറ്റെല്ലാ ദാരിദ്ര്യത്തെയും അകറ്റും. ആയതിനാൽ നമുക്കാവുംവിധം മറ്റുള്ളവരെ സ്നേഹിക്കാം.

ലാസർ ഉള്ളതുകൊണ്ടു തൃപ്തനാകാൻ പഠിച്ചവനാണ്. ലാസർ ഒരിക്കലും ധനവാനെതിരെ പരാതിപ്പെടുന്നില്ല. ഒരുപക്ഷേ തന്നെ ആട്ടിയോടിക്കാത്ത ധനവാന്റെ വലിയ മനസ്സിനെയോർത്തു ലാസർ ദൈവത്തെ സ്തുതിച്ചിരുന്നിരിക്കണം. നമ്മുടെ പരിമിതമായ ജീവിതസാഹചര്യങ്ങളിൽ ദൈവത്തിന്റെ സ്നേഹം കണ്ടെത്തി നമുക്കവിടുത്തെ സ്തുതിക്കാം. കിട്ടാത്തതിനെയോർത്തു പരാതിപ്രളയം തീർക്കാൻ തുടങ്ങിയാൽ നമുക്കുള്ള സമാധാനംകൂടി നഷ്ടപ്പെടാനേ അതുപകരിക്കൂ. ഉത്തരം കിട്ടാത്ത സഹനങ്ങളിൽപോലും ദൈവത്തിന്റെ സാന്നിധ്യമനുഭവിച്ച നീതിമാനായ ജോബിന് ദൈവം നഷ്ടപ്പെട്ടതെല്ലാം തിരികെ നൽകിയല്ലോ! ലാസറിന്റെ കാര്യത്തിലാകട്ടെ ഈ ലോകജീവിതത്തിൽ സൗഭാഗ്യമൊന്നും കിട്ടിയതുമില്ല. "ജീവിതകാലത്ത് കഷ്ടതകൾ... ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുന്നു" (16:25) എന്നാണ് വി. ഗ്രന്ഥം സാക്ഷി




ക്കുന്നത്. മറ്റെല്ലാ നന്മകൾക്കുമുപരിയായി ഒരിക്കലും ഇല്ലാതാവുകയില്ലാത്ത നിത്യാനന്ദം ദൈവം ലാസറിനായി നൽകി. ഈ ലോകസുഖങ്ങളെക്കാൾ ശ്രേഷ്ഠമായ ഒന്നിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നതെന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു.

നീതിമാന്റെ സഹനം ദൈവസന്നിധിയിൽ വിലയേറിതാണ്. 'ഈ കാസ മാറ്റിത്തരണമേ' എന്നു പ്രാർത്ഥിച്ച ഈശോയുടെ പ്രാർത്ഥന കേൾക്കപ്പെടാതെ പോയില്ലല്ലോ. അതുപോലെതന്നെ ദൈവഹിതം എന്തുതന്നെയായാലും സ്വീകരിക്കുവാനുള്ള ശക്തിക്കായി പ്രാർത്ഥിച്ചാൽ നമ്മെ ശക്തിപ്പെടുത്താനും ദൈവം തന്റെ ദൂതനെ അയയ്ക്കും (ലൂക്കാ 22:43). ലാസറിനെപ്പോലെ ദൈവത്തിന്റെ മടിയിലിരിക്കാനുള്ള വലിയ അനുഗ്രഹം ഇതുപോലുള്ളവർക്കായി മാറ്റിവച്ചിരിക്കുന്നതാണ്. അതിനായി, ചെയ്യാൻ കഴിവുള്ള നന്മ അതു ലഭിക്കാൻ അവകാശപ്പെട്ടവർക്കു നിഷേധിക്കാതിരിക്കാം. കിട്ടാത്തതിനെയോർത്തു പരാതിപ്പെടാതെ കിട്ടിയ ചെറിയ ദാനത്തെയോർത്തു ദൈവത്തെ സ്തുതിക്കാം. നമുക്കു നന്മ ചെയ്യാത്തവരെയും നമ്മെ മനഃപൂർവ്വം ദ്രോഹിച്ചവരെയും ക്ഷമിക്കുന്ന സ്നേഹം നൽകി സ്വന്തമാക്കാം (മത്താ 5:49). ഇപ്രകാരമൊന്നും ജീവിക്കാൻ കഴിയാത്തവരെ വിമർശിക്കാതെ അവർക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിക്കാം. അപ്പോൾ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ നാമും കരുണയുള്ളവരാകും. രാജാവായ മിശിഹാ നമ്മുടെ ജീവിതത്തെ ഭരിക്കുകയും അവിടുത്തെ രാജ്യം എനിക്കവകാശമായി നൽകുകയും ചെയ്യും

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന



സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/ രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.


**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O., Kottayam - 686 018
Tel. 0481-2578192



പ്രതീക്ഷയുടെ പൂമൊട്ടുകൾ

സെനക്കിൾ ആദ്ധ്യാത്മികത – 37



# സഭ: മിശിഹായുടെ സ്നേഹത്തിൽ നിലനിൽക്കുന്ന സമൂഹം

മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ

**സഭ: മിശിഹായുടെ പാർശ്വത്തിൽനിന്നും ജന്മംകൊണ്ട സമൂഹം**

സഭ ജന്മം കൊണ്ടത് മിശിഹായുടെ പിളർക്കപ്പെട്ട പാർശ്വത്തിൽനിന്നാണെന്ന് യോഹന്നാൻശ്ലീഹാ സൂചിപ്പിക്കുന്നു: "പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു" (യോഹ 19,34). സഭാപിതാക്കന്മാർ ഈ സംഭവത്തെ പ്രതീകാത്മകമായിട്ടാണ് വ്യാഖ്യാനിക്കുന്നത്. 'രക്തം' പരിശുദ്ധ കുർബാനയെയും 'വെള്ളം' മാമ്മോദീസായെയും സൂചിപ്പിക്കുന്നു. മാമ്മോദീസായിലൂടെ ജനിച്ച്, പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. അതുകൊണ്ട് സഭയുടെ ജനനമാണ് ഇവിടെ യോഹന്നാൻസുവിശേഷകൻ സൂചിപ്പിക്കുന്നത്. സഭയെ മിശിഹായുടെ മണവാട്ടിയായിട്ടാണല്ലോ സുവിശേഷകൻ കാണുന്നത്. ഈശോയുടെ പക്കലേക്കു വന്ന വിശ്വാസികളുടെ സമൂഹത്തെ, മണവാളന്റെ

അടുത്തേക്കുവന്ന മണവാട്ടിയായിട്ട് യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നുണ്ട് (യോഹ 3,29-30). ഉറങ്ങുന്ന ആദത്തിൽനിന്നും ഹവ്വാ ജനിച്ചതുപോലെ (ഉല്പ 2,21-25) കുരിശിൽ നിദ്ര പ്രാപിച്ച മിശിഹായിൽനിന്നും അവിടുത്തെ മണവാട്ടിയായ സഭ ജനിക്കുന്നു. അതുകൊണ്ട് ഈശോയുടെ പാർശ്വവും ഈശോയുടെ ശിഷ്യസമൂഹമായ സഭയും തമ്മിലുള്ളത് മണവാളനും മണവാട്ടിയും തമ്മിലുള്ളതുപോലെ ഒരു ഹൃദയബന്ധംതന്നെയാണ്.

### സഭ: മിശിഹായുടെ സ്നേഹത്തിൽ വിശ്വസിക്കുന്ന സമൂഹം

ഈശോയുടെ വക്ഷസ്സിൽ ചാരിക്കിടക്കുന്ന ഒരു ശിഷ്യനായിട്ടാണ് യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽ സ്വയം അവതരിപ്പിക്കുന്നത്. സ്വന്തം പേരു പറയാതെ, പേരു പറയേണ്ട സന്ദർഭങ്ങളിലെല്ലാം 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന യോഹന്നാൻ, താൻ ഈശോയുടെ വക്ഷസ്സിൽ ചാരിക്കിടന്നവനാണ് എന്ന് രണ്ടു പ്രാവശ്യം എടുത്തുപറയുന്നുണ്ട്: "ശിഷ്യന്മാരിൽ ഈശോ സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേക്കു ചാരിക്കിടന്നിരുന്നു" (യോഹ 13,23). "പത്രോസ് തിരിഞ്ഞുനോക്കിയപ്പോൾ ഈശോ സ്നേഹിച്ചിരുന്ന ആ ശിഷ്യൻ അവന്റെ പിന്നാലെ വരുന്നതു കണ്ടു. ഇവനാണ് അത്താഴസമയത്ത് ഈശോയുടെ വക്ഷസ്സിൽ ചാരിക്കിടന്നുകൊണ്ട് ... ചോദിച്ചത്" (യോഹ 21,20). 'വക്ഷസ്സ്' ഹൃദയത്തോടടുത്തതും ഹൃദയസ്പന്ദനങ്ങൾ പ്രതിഫലിപ്പിക്കുന്നതുമായ ശരീരഭാഗമാണ്. അവിടേക്കു ചാരിക്കിടക്കുന്നത് ഹൃദയസ്പന്ദനങ്ങൾ തിരിച്ചറിയുന്നതിന്റെ അടയാളമാണ്. ഈശോയുടെ ഹൃദയസ്പന്ദനങ്ങൾ തിരിച്ചറിഞ്ഞവനാണ് യോഹന്നാൻ സുവിശേഷകൻ. ഹൃദയം സ്നേഹത്തിന്റെ ഉറവിടമാണല്ലോ. ദൈവത്തിന്റെ സ്നേഹത്താൽ നിറഞ്ഞതും ദൈവസ്നേഹസ്പന്ദനങ്ങളാൽ തുടിച്ചിരുന്നതുമായ ഒരു ഹൃദയമായിരുന്നു ഈശോയുടേത്. ഇത് അനുഭവിച്ചറിഞ്ഞതുകൊണ്ടായിരിക്കണം 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന് സ്വയം വിശേഷിപ്പിക്കാൻ യോഹന്നാൻ നിർബന്ധിതനായത്.

### സഭ: ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുന്ന സമൂഹം

ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭാംഗങ്ങളോരോരുത്തരും ഈശോ സ്നേഹിച്ച, സ്നേഹിക്കുന്ന, ശിഷ്യനും ശിഷ്യയുമാണ്. ഈശോയുടെ സ്നേഹം ഈശോയിൽ മനുഷ്യരൂപം ധരിച്ച ദൈവത്തിന്റെ സ്നേഹമാണ്: "തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). അതുകൊണ്ടുതന്നെയാണ് ഈശോയുടെ സ്നേഹം അനുഭവിച്ചറിഞ്ഞ യോഹന്നാൻ ദൈവത്തിന് സ്നേഹമെന്ന നിർവചനം നല്കിയത്: "ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസി






ക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു'' (1 യോഹ 4,16). 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന യോഹന്നാൻ സഭാംഗങ്ങളായ ഓരോ വിശ്വാസിയെയും പ്രതിനിധീകരിക്കുന്നവനാണ്. അതുകൊണ്ടാണ് സഭാംഗങ്ങളോരോരുത്തരും ഈശോ സ്നേഹിച്ച, സ്നേഹിക്കുന്ന, ശിഷ്യനും ശിഷ്യയുമാകുന്നത്. ഈശോ സ്നേഹിക്കുന്ന ശിഷ്യൻ അഥവാ ശിഷ്യ എന്നു പറഞ്ഞാൽ ദൈവത്താൽ വ്യക്തിപരമായി സ്നേഹിക്കപ്പെടുന്നവനും സ്നേഹിക്കപ്പെടുന്നവളുമെന്നാണർത്ഥം. നമ്മോടുള്ള ദൈവത്തിന്റെ ഈ വ്യക്തിപരമായ സ്നേഹത്തെപ്പറ്റി യോഹന്നാൻശ്ലീഹാ ഇപ്രകാരം പറയുന്നു: "നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്നു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (1 യോഹ 4,10). ഇപ്രകാരം വ്യക്തിപരമായി ദൈവത്താൽ സ്നേഹിക്കപ്പെടുന്നു എന്ന വിശ്വാസമാണ് നമ്മെ അനുദിന ജീവിതത്തിൽ മുന്നോട്ടു നയിക്കേണ്ടത്. ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ ഈ ലോകജീവിതത്തിൽ ഈ സ്നേഹത്തിലുള്ള വിശ്വാസം നിലനിർത്തുക അത്ര എളുപ്പമല്ല. എങ്കിലും ഈ വിശ്വാസം നിരന്തരം നവീകരിച്ചുകൊണ്ടു ജീവിക്കുന്നതാണ് യഥാർത്ഥ ക്രൈസ്തവജീവിതം.

**സഭ: സ്നേഹത്തിൽ നിലനില്ക്കുന്ന സമൂഹം**

ഈശോയുടെ വക്ഷസ്സിൽ ചാരിക്കിടക്കുന്നവൻ എന്നതിന് ഈശോയിലൂടെ ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിയുന്നവൻ എന്നു മാത്രമല്ല അർത്ഥം. ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുന്നവൻ എന്നുകൂടി അർത്ഥമുണ്ട്. ഇത് ശിഷ്യരോടുള്ള ഈശോയുടെ ആഹ്വാനവുമാണ്: "നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (യോഹ 15,9). ഇപ്രകാരം ഈശോയുടെ സ്നേഹത്തിൽ യോഹന്നാൻ നിലനിന്നതിന്റെ സൂചനകൾ സുവിശേഷത്തിലുണ്ട്. മറ്റു ശിഷ്യന്മാരെല്ലാം ഈശോയെ വിട്ടുപോയപ്പോഴും യോഹന്നാൻ ഈശോയുടെ കുരിശിന്റെ ചുവട്ടിൽ നില്ക്കുന്നുണ്ടായിരുന്നു: "ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ" (യോഹ 19,26). ശിഷ്യർക്ക് ഈശോയോടുള്ള ഹൃദയബന്ധം മുറിഞ്ഞുപോകരുത്. ഏതെല്ലാം പ്രതികൂലസാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടിവന്നാലും മുറിഞ്ഞുപോകാത്ത ഒരു ഹൃദയബന്ധമാണ് ഈശോയുമായി ശിഷ്യർക്കുണ്ടാകേണ്ടത്. ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുക എന്നുവച്ചാൽ ദൈവത്തിന്റെ സ്നേഹത്തിൽ നിലനില്ക്കുക എന്നാണല്ലോ. താൻ ദൈവത്തിന്റെ സ്നേഹത്തിൽ അങ്ങനെ നിലനിന്നു എന്നു പറഞ്ഞുകൊണ്ടാണ് തന്റെ സ്നേഹത്തിൽ നിലനില്ക്കാൻ ഈശോ ശിഷ്യരോട് ആവശ്യപ്പെടുന്നത്: "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും" (യോഹ 15,10). എങ്ങനെയാണ് ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കേണ്ടത് എന്നുകൂടി ഇവിടെ വ്യക്തമാക്കുന്നുണ്ട്. ഈശോയുടെ കല്പനകൾ പാലിച്ചുകൊണ്ടു വേണം നാം ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കാൻ. ഈശോയുടെ കല്പന പരസ്പരസ്നേഹത്തിന്റെ കല്പനയാണ് (1 യോഹ 13,34-35). പരസ്പരസ്നേഹത്തിന്റെ കല്പന പാലിച്ചുകൊണ്ട് ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കാൻ നാമോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു.





# അവന്റെ ചാട്ടവാർ ഇനിയും ഉയരുമോ?

**ജിസാ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഒരു മെഡിക്കൽ കോളേജ് ആശുപത്രി സന്ദർശനത്തിനിടയിലാണ് ഞാൻ സ്നേഹയെയും അവളുടെ അമ്മയെയും കണ്ടത്. 23 വയസ്സുള്ള പെൺകുട്ടി ചുരുണ്ടു കൂടി കട്ടിലിൽ കിടക്കുന്നു. അവളുടെ അമ്മയാണ്, ആ ദാരുണകഥ പറഞ്ഞത്. കാഴ്ചയിൽ തരക്കേടില്ലാത്ത, പഠനത്തിൽ സമർത്ഥയായ സ്നേഹയ്ക്ക് മെട്രോ സിറ്റിയിലെ കോളേജിൽ അഡ്മിഷൻ ലഭിച്ചത് കുടുംബത്തിന് വലിയ സന്തോഷകാരണമായിരുന്നു. നഗരത്തിലെ ജീവിതത്തിന്റെ അസ്വസ്ഥതകൾ ആദ്യമൊക്കെ അവൾക്കുണ്ടായിരുന്നു. എങ്കിലും അതെല്ലാം മാതാപിതാക്കളുമായി അവൾ പങ്കുവച്ചിരുന്നു. ഏറെ താമസിയാതെ നഗരജീവി

തവുമായി അവൾ പൊരുത്തപ്പെട്ടു. കുറേ നാളുകൾക്കുശേഷം അവളുടെ ജീവിതത്തിലും സംസാരത്തിലും എടുപ്പിലും നടപ്പിലും ഉണ്ടായ വ്യത്യാസങ്ങൾ മാതാപിതാക്കൾ ശ്രദ്ധിക്കാതിരുന്നില്ല. എങ്കിലും സംശയിക്കത്തക്കതായ ഒന്നും അവളിൽ കണ്ടില്ല. രണ്ടാം വർഷ പരീക്ഷകൾക്കുശേഷം അവൾ വീട്ടിൽ വന്നപ്പോൾ അവളുടെ കയ്യിൽ കണ്ട smart phone നെക്കുറിച്ച് ചോദിച്ചപ്പോൾ കൂട്ടുകാരിയുടേതാണെന്നായിരുന്നു മറുപടി. ഏതാനും മാസങ്ങൾക്കുശേഷം അന്വേഷണത്തിന്റെ ഭാഗമായി പോലീസ് വീട്ടിൽ വന്നപ്പോൾ ആ മാതാപിതാക്കൾ ഞെട്ടിപ്പോയി. നഗരത്തിലെ വലിയ ഒരു ഹോട്ടൽമുറിയിൽനിന്നും തങ്ങളുടെ മകൾ പോലീസ് വലയിലായെന്നും മയക്കുമരുന്നിന് അടിമയാണെന്നും അറിയപ്പെടുന്ന ഒരു കോൾഗേൾ ആണെന്നുമുള്ള അറിവ് അവരെ തളർത്തിക്കളഞ്ഞു. ഇന്നവൾ തീരാരോഗിയാണ്. ഒരിക്കൽ മാത്രം തന്റെ കൂട്ടുകാരികളോടൊപ്പം നടത്തിയ 'ഔട്ടിങ്ങ്' അവളെ ജീവിതത്തിൽനിന്ന് തന്നെ ഔട്ടാക്കിയതിന്റെ നൊമ്പരം ഞാൻ സ്നേഹയുടെ കണ്ണുകളിൽ കണ്ടു. മനഃക്ലേശവും സാമ്പത്തിക ബുദ്ധിമുട്ടുകളും കാരണം അവളുടെ പിതാവ് ജീവനൊടുക്കി. ചേച്ചിയുടെ ചെറുവരുമാനം മാത്രമാണ് ഇന്നാക്കുടുംബത്തിന്റെ ആശ്രയം. ഇതൊന്നുമറിയാതെ അവളുടെ കുഞ്ഞനുജൻ 7-ാം ക്ലാസിൽ പഠിക്കുന്നു.

ഇതൊരാളുടെ മാത്രം അവസ്ഥയല്ല. ഇതുപോലെയുള്ള അനേകം സ്നേഹമാരും അവരുടെ കുടുംബങ്ങളും വർദ്ധിച്ചുവരികയാണ്. നന്മയേത്, തിന്മയേത് എന്ന് തിരിച്ചറിയാനാവാത്തവിധം ജീവിതാവസ്ഥകൾ മാറിക്കഴിഞ്ഞിരിക്കുന്നു.






ലോകത്തിന്റെ നശ്വരതയിലും മായാവിലാസങ്ങളിലും മതിമറന്ന ഒരു തലമുറയാണ് ഇന്ന് വളർന്നുവരുന്നത്. കൊച്ചുകുട്ടികൾ പോലും ലൈംഗിക അരാജകത്വത്തിനും നീലചിത്രങ്ങൾക്കും മയക്കുമരുന്നിനും അടിമകളാണെന്നുള്ള യാഥാർത്ഥ്യം നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. നമ്മുടെ മുൻപിൽ കൂടി കടന്നുപോകുന്ന ചെറുതലമുറയിൽ അശ്ലീല ചിത്രത്തിന് അടിമകളാകാത്തവർ വിരലിൽ എണ്ണാൻപോലുമില്ല എന്ന സത്യം നാം അംഗീകരിച്ചേ മതിയാകൂ. ധാർമ്മികതയും മൂല്യങ്ങളും കാറ്റിൽ പറത്തി മയക്കുമരുന്നിന്റെയും ലൈംഗിക അരാജകത്വത്തിന്റെയും വമ്പൻ സ്രാവുകൾ നമ്മുടെ കുഞ്ഞുങ്ങളെയും യുവതലമുറയെയും കെണിയിൽ വീഴ്ത്തിക്കഴിഞ്ഞു. ശരീരം എങ്ങനെയും എന്തിനും നമ്മുടെ ഇഷ്ടംപോലെ ഉപയോഗിക്കാം എന്ന സന്ദേശമാണ് നവ മാധ്യമലോകം നൽകുന്നത്. വൈകുന്നേരങ്ങളിലും അവധിദിവസങ്ങളിലും വഴിയോരങ്ങളും ആളൊഴിഞ്ഞ വീടുകളും ആറ്റിറമ്പുകളുമെല്ലാം അരാജകത്വത്തിന്റെ താവളങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. മുൻപിൽ നില്ക്കുന്ന അദ്ധ്യാപികയിൽ ദൈവത്തെ കാണേണ്ട കൊച്ചുതലമുറയുടെ കണ്ണിൽ ഇന്നവർ വെറും മേനിയഴകുള്ള വസ്തുക്കളായി മാറുന്നു എന്നത് നമ്മെ ഭയപ്പെടുത്തണം. പണത്തിനും മറ്റു സന്തോഷങ്ങൾക്കുമായി എന്തുംചെയ്യാൻ നമ്മുടെ കുഞ്ഞുങ്ങൾക്ക് ഇന്ന് മടിയില്ല. അതിന്റെ ഫലമോ ധാർമ്മികതയും മൂല്യങ്ങളും നഷ്ടപ്പെട്ടതും രോഗഗ്രസ്ഥവും ധൈര്യമില്ലാത്തതും ലക്ഷ്യബോധമില്ലാത്തതുമായ ഒരു തലമുറ ഇന്ന് വളർന്നുവരുന്നു. പക്വതയില്ലാത്ത പ്രേമക്കുരുക്കുകൾ നമ്മുടെ കുഞ്ഞുങ്ങളെ കൊണ്ടെത്തിക്കുന്നത് മതതീവ്രവാദത്തിന്റെയും ഭീകരതയുടെയും മരണക്കിണറ്റിലേക്കാണെന്നത് അനുദിന പത്രമാസികകൾ വിരൽ ചൂണ്ടുന്നു. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ജറുസലേം ദൈവാലയത്തിൽ മുഴങ്ങിയ ചാട്ടവാറിന്റെ സ്വരം നമ്മോടു വിളിച്ചുപറയുന്നുണ്ട്: “എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്” എന്ന് (യോഹ 2:16). “നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾതന്നെ” (1 കോറി 3:16-17). മുന്നറിയിപ്പിന്റെ സ്വരവുമായി പൗലോസ് ശ്ലീഹായും കടന്നുവരുന്നു. നമ്മുടെയും മറ്റുള്ളവരുടെയും ശരീരമാകുന്ന ദൈവാലയത്തെ വിശുദ്ധമായും മാന്യമായും സംരക്ഷിക്കാനുള്ള നമ്മുടെ ധാർമ്മിക ഉത്തരവാദിത്വത്തിലേക്കാണ് തിരുവചനം ചൂണ്ടുവിരൽ ഉയർത്തുന്നത്.

പള്ളിക്കൂദാശക്കാലത്തിൽ മിശിഹാ തന്റെ ശരീരമാകുന്ന ആലയത്തെ, തിരുസഭയെ, കറയും ചുളിവുമില്ലാതെ, തന്റെ തിരുരക്തത്താൽ കഴുകി ദൈവപിതാവിനു സമർപ്പിക്കുന്നതിന്റെ നവ്യമായ അനുസ്മരണം നാം നടത്തുന്നു. നാമും ഈ സമർപ്പണത്തിലാണ് പങ്കുചേരുക. നമ്മുടെയും മറ്റുള്ളവരുടെയും ജീവിതങ്ങളെ വിശുദ്ധമാക്കി, അവിടുത്തേക്ക് സമർപ്പിക്കാനുള്ള നമ്മുടെ കടമയെക്കുറിച്ച് നമുക്കു ധ്യാനിക്കാം. നാം വസിക്കുന്ന സമൂഹത്തിന്റെ നാഡിയിടുപ്പുകളെ തൊട്ടറിഞ്ഞ് യുവതലമുറയെ ദൈവത്തിന്റെ ചാട്ടവാറിന്റെ പ്രഹരത്തിൽ നിന്ന് രക്ഷിക്കാനുള്ള കടമ നമുക്കു മറക്കാതിരിക്കാം. ലോകത്തിന്റെ നടുവിലായിരുന്നുകൊണ്ട് ഈ ലോകത്തോടൊപ്പം നടന്ന് ചേമ്പിലയിലെ ജലകണിക പോലെ ഈ ലോകത്തിൽ ലോകത്തിന്റെ മാലിന്യമേല്ക്കാതെ മനുഷ്യജീവിതങ്ങളാകുന്ന ദൈവാലയത്തെ അശുദ്ധമാക്കുന്ന എല്ലാറ്റിൽനിന്നും അവയെ വിശുദ്ധീകരിക്കാൻ പരിശ്രമിക്കാം. നമ്മുടെ ജീവിതങ്ങളെ നോക്കി അവന്റെ ചാട്ടവാർ ഒരിക്കൽകൂടി ഉയരാതിരിക്കട്ടെ!






# കുടുംബം: കരുണയുടെ അനുഭവവേദി


**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി


ദൈവം ജന്മം നല്കിയ മനുഷ്യൻ... ദൈവകാരുണ്യത്തിന്റെ സജീവസാന്നിദ്ധ്യം. നിശ്വസനം ഉള്ളു ശൂന്യമാക്കലാണ്. പ്രാണവായുവിനെ നിറയ്ക്കാനുള്ള ഇടമാണ് ഉള്ള്. ദൈവം മനുഷ്യന് രൂപം നല്കിയത് മണ്ണിൽനിന്നാണ്. എന്നാൽ അവനെ ജീവിപ്പിച്ചത് തന്റെ നിശ്വസനത്തിലൂടെയാണ്. തന്നെത്തന്നെ ശൂന്യനാക്കി തന്റെ ജീവാംശത്തെ മനുഷ്യനിൽ നിവസിപ്പിച്ചു. മനുഷ്യൻ ജീവൻ പ്രാപിച്ചത് ദൈവികാംശത്തെ സ്വന്തമാക്കിക്കൊണ്ടാണ്.

പരിശുദ്ധ ത്രിത്വമാകുന്ന ദൈവം ഒരു കൂട്ടായ്മയാണ്; സ്നേഹമാണ്. ഈ സ്നേഹാംശത്തെ സ്വീകരിച്ച് ജീവൻ പ്രാപിച്ച മനുഷ്യന് സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും സാധ്യതയില്ലെങ്കിൽ അപൂർണ്ണനാണ്, അവന്റെ ജീവിതം നന്നല്ല. അവന് സ്വീകരിക്കാനും നല്കാനും സാധ്യമാകണം. അതാണ് മനുഷ്യൻ ഒറ്റക്കായിരിക്കുന്നത് നന്നല്ല എന്ന് തിരുവചനം സാക്ഷിക്കുന്നത്.

ദൈവം സ്വജീവനെ പങ്കുവച്ച് സ്വന്തം ഛായയും സാദൃശ്യവും സമ്മാനിച്ച് ജീവൻ കൊടുത്ത മനുഷ്യനും, സ്വന്തം ജീവാംശത്തെ ദൈവകരങ്ങളാൽ പങ്കുവച്ചപ്പോഴാണ് മറ്റൊരു മനുഷ്യന് ജന്മം ലഭിച്ചത്. അതാകട്ടെ, മനുഷ്യൻ തന്റെ ജീവന്റെ സ്രോതസ്സായ ദൈവത്തോട് ഒന്നായിരിക്കുന്നതുപോലെ മനുഷ്യരും പരസ്പരം ഒന്നായിരിക്കുന്നതിനുവേണ്ടിയാണ്. അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമായി അവർ പരസ്പരം തീരുകയും അത് അപരരിലേക്ക് പുതിയ ജീവൻ ജനിപ്പിച്ചുകൊണ്ട് തുടരുകയും വേണം.




ഏകാന്തത ഏതു മനുഷ്യനെയും നിർജ്ജീവനാക്കുന്നു. പാരസ്പര്യവും സ്നേഹസാന്നിധ്യവും ദൈവം മനുഷ്യന് നല്കുന്ന ജീവന്റെ വഴിയാണ്; മോചനമാർഗമാണ്. വിവാഹവും അതിൽ അധിഷ്ഠിതമായ കുടുംബവും മോചനത്തിന്റെയും പരസ്പരം ജീവിപ്പിക്കുന്നതിന്റെയും മാർഗമാണ്. അത് നല്കലും സ്വീകരിക്കലുമാണ്. അത് കരുണയുടെ അനുഭവവേദിയും പ്രഭവസ്ഥാനവുമാണ്.

കർത്താവിന്റെ മുറിപ്പാടുകളിലേക്ക് നോക്കുവാനും അവയിൽ സ്പർശിക്കുവാനുമാണ് തോമ്മാശ്ലീഹാ ആഗ്രഹിച്ചത്. അതു സാധ്യമായ നിമിഷത്തിലാണ് ''എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നു വിളിച്ചു പറഞ്ഞ് സ്വജീവിതത്തെ അവിടുത്തെ മുമ്പിലർപ്പിച്ചത്. മുറിപ്പാടുകൾ, സഹനത്തിന്റെ വേദികൾ, സ്നേഹത്തിന്റെ പ്രകാശനങ്ങളാണ്. ആദിമനുഷ്യന്റെ പാർശ്വത്തിലെ മുറിവാണ് ആദിസ്ത്രീക്ക് ജന്മം നല്കിയത്.

കുടുംബജീവിതം പിതൃസ്നേഹത്തിന്റെ മുറിപ്പാടുകൾ മാതൃസ്നേഹത്തിന്റെ തൈലത്താൽ ജീവന്റെ ഉറവിടമാക്കപ്പെടുന്ന വേദിയാണ്. അവിടെ പുതുജീവൻ മുളയെടുക്കുന്നു. സ്നേഹത്തിന്റെ സന്തോഷം - അതാണ് കുടുംബാരാമത്തിന്റെ പരിമളം. കുടുംബത്തിലെ സ്നേഹം ജീവൻ നല്കുന്ന സ്നേഹമാണ്. മുളയെടുക്കുന്ന ജീവനെ പരിപാലിക്കുന്ന സ്നേഹം നാമിവിടെ അനുഭവിക്കുന്നു. ഈ രണ്ടു ഭാവങ്ങളിലും യഥാർത്ഥ പങ്കുവയ്ക്കലും മുറിപ്പെടുത്തലും സംഭവിക്കുന്നു.

പറുദീസായിലെ കുടുംബം കാരുണ്യത്തിന്റെ പാഠശാലയായിരുന്നു. കാരുണ്യവാനായ ദൈവത്തിന്റെ ജീവൻ പങ്കുവയ്ക്കലും, അപൂർണ്ണതയുടെ നിഴലിൽ കഴിഞ്ഞ മനുഷ്യനോടുള്ള അനുകമ്പയിൽ ഇണയെ സൃഷ്ടിച്ചു നല്കുന്ന സംഭവവും നാമിവിടെ കാണുന്നു. സ്വസൃഷ്ടിയായ മനുഷ്യന് വാസഗേഹം കിഴക്ക് ഏദനിൽ ഒരുക്കുന്നവനും അവനോടൊപ്പം നിരന്തരം സഞ്ചരിക്കുന്ന പരിപാലകനും തെറ്റിപ്പിരിയുമ്പോൾ നേർവഴിയിലേക്ക് ക്ഷണിക്കുകയും തെറ്റിന്റെ സാഹചര്യങ്ങളിൽനിന്നകറ്റി നിർത്തുകയും പാപഫലങ്ങളെ നീക്കുവാൻ രക്ഷകനെ വാഗ്ദാനം ചെയ്യുകയും മനുഷ്യന്റെ ലജ്ജാകരമായ പാപാവസ്ഥയെ കൃപയുടെ ഉടയാടയണിയിക്കുകയും ചെയ്യുന്നവനായ കരുണാസമ്പന്നനായ ദൈവം പിന്നീടങ്ങോട്ടു ചരിത്രത്തിൽ കുടുംബങ്ങളെ തിരഞ്ഞെടുക്കുകയും വിശുദ്ധീകരിക്കുകയും അവയിലൂടെ ദൈവജനരൂപീകരണം നടത്തുകയും ചെയ്യുന്നത് നാം കാണുന്നു.

ഉല്പത്തിയിലാരംഭിക്കുന്ന ഈ രക്ഷാചരിത്രം വെളിപാടിൽ അവസാനിക്കുന്നത് വിവാഹവിരുന്നിലേക്ക് ഏവരെയും ക്ഷണിച്ചുകൊണ്ടാണ്. വിവാഹവിരുന്ന് ദൈവരാജ്യപ്രതീകമായി ഈശോ അവതരിപ്പിക്കുന്നതും ധ്യാനവിഷയമാണ്.

പങ്കുവയ്ക്കലിൽ രൂപംകൊണ്ട കുടുംബം അതിൽത്തന്നെ ശക്തിപ്പെടുകയും പരിപൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നു. കരുണയുടെ അവിഭാജ്യഘടകമായ പങ്കുവയ്ക്കൽ, മുറിപ്പെടൽ, കുടുംബത്തിന്റെ ജീവസ്രോതസ്സാണ്. കുടുംബം കരുണയുടെ കൂടാരമായി ഭവിക്കുന്നു. ദൈവസാന്നിദ്ധ്യത്തിന്റെ കൂടാരം ദൈവജനത്തോടൊപ്പം വഹിക്കപ്പെട്ടപ്പോൾ അത് അവർക്ക് ശക്തികേന്ദ്രവും വഴികാട്ടിയും പ്രതിബന്ധങ്ങളെ അതിജീവിക്കുന്നതിനുള്ള മാധ്യമവുമായിരുന്നു. ദൈവത്തിന്റെ മുഖഛായയായ കാരുണ്യത്തിന്റെ കൂടാരമായി ഇന്ന് കുടുംബം പുനഃപ്രതിഷ്ഠിക്കപ്പെടുമ്പോൾ സമൂഹവും പ്രകാശവഴികളിൽ, പ്രതിസന്ധികളിൽ, വിജയിച്ച് ശക്തമായി മുന്നേറും. കുടുംബത്തിന്റെ തകർച്ച സമൂഹത്തിന്റെ തകർച്ചതന്നെ. ചരിത്രസത്യമായി ഇത് എന്നും പ്രഘോഷിതമാണ്.






# കൈ ഉയർത്തി പ്രാർത്ഥിക്ക് ചേട്ടാ

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി
കല്യാൺ രൂപത

ഇടവക പള്ളിയിൽ ധ്യാനം നടക്കുകയാണ്. കേരളത്തിലെ പ്രശസ്ത ധ്യാന കേന്ദ്രത്തിലെ, ധ്യാനഗുരുവാണ് ധ്യാനം നയിക്കുന്നത്. ദൈവാലയത്തിനുള്ളിലും പുറത്ത് ഇട്ടിരിക്കുന്ന പന്തലിലുമായി വിശ്വാസികൾ തിങ്ങിനിറഞ്ഞ് നിൽക്കുന്നു. ഹല്ലേലുയ്യാ വിളികളാലും, ദൈവസ്തുതികളാലും നിറഞ്ഞ അന്തരീക്ഷം. ആളുകൾ ധ്യാനഗുരുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച്, കൈകൾ ഉയിർത്തിയും, കൈകളടിച്ചും പ്രാർത്ഥിക്കുന്നു. അപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്. പന്തലിന്റെ പുറകിൽ നിൽക്കുന്ന ഒരു ചേട്ടൻ കൈകൾ

ഉയർത്തുകയോ, കൈകൾ അടിക്കുകയോ ചെയ്യുന്നില്ല. ഞാൻ ചേട്ടന്റെ അടുത്തു ചെന്ന് പതുക്കെ ചെവിയിൽ പറഞ്ഞു: 'കൈകൾ ഉയർത്തി പ്രാർത്ഥിക്ക് ചേട്ടാ'. ചേട്ടൻ എന്നെ ഒന്ന് നോക്കി. എന്നിട്ട് എന്നോട് പറഞ്ഞു. ഇല്ല ഞാൻ ഇങ്ങനെ നിന്നേ പ്രാർത്ഥിക്കൂ. എന്താ കൈകൾ ഉയർത്തിയില്ലെങ്കിൽ ദൈവം പ്രാർത്ഥന കേൾക്കില്ലേ? ഞാൻ മറുപടി യൊന്നും പറഞ്ഞില്ല.

പിന്നീട് ഞാൻ ആ ചേട്ടനെ കാണുന്നത് മറ്റൊരു ധ്യാനകേന്ദ്രത്തിൽവെച്ചാണ്. അവിടെ കുമ്പസാരിപ്പിക്കാനാണ് ഞാൻ പോയത്. അവിടെ ചെല്ലുമ്പോൾ ധ്യാനം നടക്കുന്ന ഹാളിന്റെ അരികിലൂടെ നടന്നുപോകുമ്പോൾ ഞാൻ ശ്രദ്ധിച്ചു. നമ്മുടെ പഴയ ചേട്ടൻ ധ്യാന ഹാളിന്റെ ഏറ്റവും മുമ്പിൽനിന്ന് കൈകൾ ഉയർത്തി സ്തുതിച്ച് പ്രാർത്ഥിക്കുന്നു. എനി ക്കത്ഭുതം തോന്നി. ധ്യാനത്തിന്റെ ഇടവേള യിൽ ഞാൻ അയാളെ കണ്ടു. സംസാരത്തിനി ടയിൽ അയാൾ പറഞ്ഞു: 'പ്രാർത്ഥിക്കണം അച്ചാ, ഭാര്യക്ക് കാൻസറാണ്'. പ്രാർത്ഥിക്കാ മെന്ന് ഞാൻ അയാളോട് പറഞ്ഞു. എന്റെ മന സ്സിലൂടെ രണ്ട് വർഷം മുമ്പത്തെ സംഭവം മിന്നിമറഞ്ഞു... ദൈവത്തിന്റെ മുമ്പിൽ കൈക കൾ ഉയർത്തണമെങ്കിലും, കൈകൾ കൊട്ടണ മെങ്കിലും എല്ലാവർക്കും എന്തെങ്കിലും കാരണം വേണം. പ്രാർത്ഥിക്കാൻ എന്തെ ങ്കിലും കാരണങ്ങൾ ഉണ്ടാവണം. അത് രോഗ മാകാം, കടബാദ്ധ്യതയാകാം, എന്തുമാകാം. ഇന്ന് കൈകൾ ഉയർത്താൻ അയാളോട് ആരും പറയേണ്ട. കൈകൾ താനേ ഉയരുന്നു... കൈകൾ ഉയർത്തി പ്രാർത്ഥിക്ക് ചേട്ടാ.... ആരോ മനസ്സിൽ പറയുന്നു.


## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാ വിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തി ലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യ മക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**

**ഒരു ജീവിതം....**



**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

വിശുദ്ധിയുടെ മുത്തുകൾക്ക്

**കൂട്ടുകാരേ പള്ളിക്കൂദാശക്കാലത്തെക്കുറിച്ച് കൃത്യമായി വായിച്ചതിനുശേഷം ഈ ലക്കത്തിലെ പദപ്രശ്നം പൂരിപ്പിക്കാം.**

1. ജെറുസലേം ദൈവാലയത്തിന്റെ പ്രതിഷ്ഠാത്തിരുനാളിനു സുവിശേഷത്തിൽ നൽകപ്പെട്ടിരിക്കുന്ന പേര്?
2. പള്ളിക്കൂദാശക്കാലം പൊതുവേ എന്തിനെയാണ് പരാമർശിക്കുന്നത്?
3. പള്ളിക്കൂദാശക്കാലത്തിന്റെ ഒരു സവിശേഷത?
4. പള്ളിക്കൂദാശക്കാലത്തിൽ ആദ്യത്തെ ഞായറാഴ്ച എന്തിനാണ് പ്രാധാന്യം നല്കുക?
5. ഹൂദാസ എന്ന സുറിയാനിപദത്തിന്റെ അർത്ഥം?
6. പള്ളിക്കൂദാശക്കാലം എന്നാണ് സഭയിൽ ആചരിക്കുക?
7. പള്ളിക്കൂദാശക്കാലത്തിൽ 4 ഞായറാഴ്ചകൾ എന്തിനെ സൂചിപ്പിക്കുന്നു?
8. പള്ളിക്കൂദാശക്കാലത്തെ ചിന്താവിഷയം?
9. പള്ളിക്കൂദാശക്കാലം തുടങ്ങിയതായി തെളിവുള്ളത് ഏത് നൂറ്റാണ്ടോടെയാണ്?
10. പൗരസ്ത്യ സുറിയാനി സഭാകലണ്ടർ ഇന്നു കാണുന്ന വിധത്തിൽ രൂപപ്പെടുത്തിയ പാത്രിയാർക്ക ആര്?




പ്രോത്സാഹനസമ്മാനം: തെരേസ് റ്റോജി കണ്ടത്തിൻകരയിൽ, പുറ്റടി

**തയ്യാറാക്കിയത്: ജിൽബി പുരയിടത്തിൽ**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018

8


# കുഞ്ഞാറ്റയുടെ കുമ്പസാരം



ആരുടെയും അനുവാദം കൂടാതെ ഒന്നും എടുക്കരുത്. എത്ര ഇഷ്ടപ്പെട്ട വസ്തുവായാലും പേന, പെൻസിൽ അങ്ങനെ പലതും നമുക്കിഷ്ടമുള്ളതു മറ്റുള്ളവർക്കുകാണും. അതു സ്വന്തമാക്കാനുള്ള പ്രവണതയൊക്കെ സാത്താന്റെ പ്രലോഭനമാ. എപ്പോഴും ശ്രദ്ധവേണം കേട്ടോ. കള്ളസാക്ഷ്യം പറയരുത് എന്നു പറയുമ്പോ എപ്പോഴും സത്യം മാത്രമേ പറയാവൂ എന്ന് മോളുവി നോട് പറഞ്ഞിട്ടില്ലേ. മോള് ഓർക്കുന്നുണ്ടോ ഒരിക്കൽ പൂച്ചട്ടി താഴെവീണു പൊട്ടിയത്. മമ്മി വഴക്കു പറയു മെന്നു വിചാരിച്ച് മോളു പറയാതിരുന്നത്. എനിക്കറിയാമാ യിരുന്നു അതു മോളുവിന്റെ കൈയിൽനിന്നാണ് പൊട്ടിയ തെന്ന്. മോളു സത്യം പറയാതിരുന്നപ്പോ എത്ര സങ്കടം വന്നുവെന്നോ മമ്മിക്ക്. പിന്നെ പറഞ്ഞപ്പോൾ ഏറെ സന്തോഷമായി. തെറ്റു പറ്റിയാൽ അതു തുറന്നു പറയണം. പേടിച്ചുപറയാതിരുന്നാൽ നമ്മുടെ സ്വാതന്ത്ര്യം പോകും. ഉള്ളിലൊരു കള്ളത്തരം സൂക്ഷിച്ചതുകൊണ്ടാ അനുസരണ ക്കേടു കാണിച്ചിട്ട് ആദവും ഹവ്വായും ഒളിച്ചിരുന്നത്. അതുപോലരവസ്ഥ നമുക്കുണ്ടാവും. ഒരിക്കൽ കുഞ്ഞാറ്റ ഒരു കൂട്ടുകാരിയുടെ കാര്യം പറഞ്ഞില്ലേ? ക്ലാസിൽ ഒന്നാം സ്ഥാനം മേടിച്ച കുട്ടി കോപ്പിയടിച്ചിട്ടാണ് അത്രയും മാർക്കു കിട്ടിയത് എന്ന് അവൾ പറഞ്ഞുവെന്ന്. നല്ലതുപോലെ പഠിക്കുന്ന ആ കുട്ടിയെക്കുറിച്ച് ഇങ്ങനെ പറഞ്ഞ ആ കൂട്ടുകാരിയോട് മോൾക്ക് മിണ്ടാനും കൂട്ടുകൂടാനും തോന്നുന്നില്ല എന്നൊക്കെ പറഞ്ഞില്ലേ? അപ്പോൾ ഇല്ലാത്ത കാര്യം ഉണ്ടെന്നു പറയുന്നതും കാണാത്ത കാര്യം കണ്ടെന്നു പറയുന്നതുമൊക്കെ കള്ള സാക്ഷ്യമാണു കേട്ടോ".

**ഷീജാ കാലായിൽ**





**Dr. Rengith Chakkummoottil**
**St. Ephrem's Theological College, Satna**


Viktor Frankl in his book, Man's Search for Meaning, describes his horrifying experiences in Nazi concentration camps. He notes that although all the prisoners were in the same atrocious circumstances, they all did not react in the same way. Some prisoners killed themselves by walking into electrified fences; others clung to life and even found joy despite the atrocities occurring around them daily. Frankl concludes that the meaning of life is found in every moment of living; life never ceases to have meaning, even in suffering and death.

The last four weeks of the liturgical year belong to the Seasons of Dedication of the Church. In this season, we remember Jesus offering the Church, His spouse, to the Father after the last judgement. At the end of the ages, the Church, with her children, meets her bridegroom in heavenly Jerusalem. It reminds us and gives us hope of the eternal bliss to come. Thus the liturgical year reminds us that the Christians are called upon to attain the eternal glory through the Church and we have to live in this world in the hope and preparation for this eternal glory.

Karol Wojtyla was in the third grade when his mother died; his elder brother, the only sibling, died three years later; he discovered his father dead on the floor in their apartment few years later. He was an orphan at the age of twenty. His troubles were not limited to the loss of his whole family alone. The Nazis overran his country, and he had to work hard in a stone quarry for his sustenance. During the Nazi rule, many of his friends were killed, some in the concentration camps, others shot by the Gestapo for the crime of studying for the priesthood. He was once run down by a German truck and nearly was severely injured. At the age of sixty, a fanatic shot him in his own courtyard, and he met death face to face. As an old man, he suffered from debilitating Parkinson's disease that rendered him immobile, distorted his physical appearance, and finally took his ability to speak. Yes, St. Pope John Paul II knew about human suffering. Yet, as was evident to all who saw him, he was a man of exuberant joy. He experienced the mystery of suffering and affliction, but he also discovered the meaning of suffering. He had found an 'answer' to the mystery of pain.

St. Pope John Paul II explored this theme in his Apostolic Letter *Salvifici Doloris* (On the Christian Meaning of Human Suffering). Suffering is part of human existence from birth until death, and every human person suffers in various ways: physically, psychologically, socially, and spiritually. Suffering in one form or another accompanies each of us every day. It is an inescapable feature of human existence. In looking for an answer to the 'mystery of pain', the Pope avoided reducing all suffering to a single justification but looked at various aspects and meanings of suffering. Reducing suffering to a single solution does not do justice to its complexities.

Sometimes suffering brings forth an important good possible. If God eliminated that suffering, the corresponding good also would be eliminated. We could say that suffering is present in order to unleash love in the human person (SD 29). For example, the sufferings of a mother result in the good of her children.

Suffering can bring us closer to what is good and can



draw us away from obstacles to achieving happiness. Pain can prompt rehabilitation, a turning from evil to embrace stronger relationships with others and with God (SD 12). "To suffer means to become particularly susceptible, particularly open to the working of the salvific powers of God, offered to humanity in Christ. In him God has confirmed his desire to act especially through suffering, which is man's weakness and emptying of self, and he wishes to make his power known precisely in this weakness and emptying of self" (SD 23).

Suffering is sometimes a means of transformation. "Down through the centuries and generations it has been seen that in suffering there is concealed a particular power that draws a person interiorly close to Christ, a special grace. A result of such a conversion is not only that the individual discovers the salvific meaning of suffering but above all that he becomes a completely new person. He discovers a new dimension, as it were, of his entire life and vocation" (SD 26).

Suffering can sometimes serve also as punishment for wrongdoing, a just retribution for personal sins. Often our sinful actions lead directly to painful repercussions, for example, drinking liquor leads to hangover, unreasonable anger to injured relationships, laziness to lack of achievement.

Christ strikes at the root of our sin and suffering by overcoming evil with good. He saves us from the suffering by entering into it. The physical pain endured by Christ is well beyond what most of us have personally experienced. What comes out of this great suffering? The suffering of Christ redeems suffering itself and opens up the possibility that the sufferer can share in the redemptive work of Christ (SD 19). The suffering of Christ leads us to his glory; so, too, does the suffering of Christians.

Christ's approach to the meaning of pain is not an intellectual answer to an academic puzzle. Christ does not answer directly this human questioning about the meaning of suffering. Man hears Christ's saving answer as he himself gradually shares the sufferings. The answer that comes through this sharing, by way of the interior encounter with the Master, is in itself something more than the mere abstract answer to the question about the meaning of suffering.

Sufferings are opportunities given to us to participate in our future blessedness by offering our present sufferings, in union with Christ's sufferings, to God in self-giving sacrifice. Our suffering then takes on a whole different dimension, transformed from the occasion of a fist-shaking interrogation of God or cause for doubting His goodness or existence into the greatest opportunity to show Him complete trust, without the least futility, knowing that it will be repaid a hundred fold.








# കൂപ്പുകൈ

**വി. ജെ. ചാക്കോ**
**വെള്ളാതടം, ഇരട്ടയാർ**

സ്വന്തശരീരം ഭോജനമായ്
തൻതിരുരക്തം പാനീയമായ്
ജീവനേകുംനൽ ഔഷധമായ്
മാനവനേകിയ ദിവ്യഗുരോ

ജീവനിൽ ഞങ്ങളുമെത്തിടുവാൻ
അവിടുന്ന് വഴിനടത്തീടണമേ
വെള്ളിവെളിച്ചത്തിന്നുറവിടമേ
കനിവായ് ഞങ്ങളിലെരിയണമേ.

എന്നെപ്പോലെന്നുടെ സഹജനെയും
കാണാനെൻ മിഴിതുറക്കണെ
ലോകത്തിൻ മറിമായകളിൽ
മുങ്ങിമയങ്ങി മറഞ്ഞിടാതെ
പരിശുദ്ധാത്മനെ നല്കിയെന്നിൽ
ശക്തി ജ്വലിക്കാൻ കനിയണമേ.



സോദരിൽ നിന്നുമെൻമുഖമ്മറയാൻ
ഇടയാക്കരുതേ ഒരു നാളും നീ
ദീനരിൽ നിൻ മുഖം കാണാൻ
ഒരു മാനസമെന്നിലൊരുക്കണമേ.
ഇനിയുമൊരു പാപം ചെയ്തീടുവാൻ
എനിക്കിടയാകരുതെയൊരുനാളിലും.



# അക്കമിട്ടെണ്ണുവാൻ ആർക്കാണാവുക...

**മേഴ്സി വെട്ടിക്കുഴകുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*നാം ഓരോരുത്തരുടെയും ഹൃദയത്തിന്റെ ഉള്ളറകളിൽ തങ്ങൾ അനുഭവിച്ചറിഞ്ഞ ദൈവകാരുണ്യത്തിന്റെ കീർത്തനങ്ങൾ ആലപിക്കപ്പെടുന്നുണ്ട്. പരി. അമ്മയുടെ സ്തോത്രഗീതംപോലെ ചിലപ്പോൾ അത് ഉച്ചത്തിലാവാം. കാൽവരിയിലെ കുരിശിൻചുവട്ടിൽ അത് നിശബ്ദതയിലായിരുന്നതുപോലെ ചിലപ്പോൾ അത് മൗനത്തിലുമാകാം...*

ഇപ്രാവശ്യത്തെ കുടുംബക്കൂട്ടായ്മാ വാർഷികദിനത്തിൽ വികാരിയച്ചന് ഒരാഗ്രഹം! ഒരു മത്സരം നടത്തുക!

നാലു വയസ്സുകാരിയായ ഡോണാമോൾ മുതൽ നമ്മുടെ മൂത്ത കാരണവനായ കുഞ്ഞാപ്പിച്ചേട്ടനു വരെ മത്സരത്തിൽ പങ്കുകാരാകാം. ഒരൊറ്റ ചോദ്യം മാത്രം! ഉത്തരങ്ങൾ അക്കമിട്ട്....പറയുക!

"ദൈവമേ, കരുണയായിരിക്കണമേ.... എന്താണാവോ ചോദ്യം! അമ്മമാരുടെ ആത്മഗതം! ചോദ്യം കിട്ടിക്കഴിഞ്ഞു. ഗ്രൂപ്പ് തിരിച്ചാണ് മത്സരം. ആദ്യഗ്രൂപ്പിൽനിന്നും പ്രതിനിധിയായി ഡോണാമോൾ ഓടിയെത്തി പറഞ്ഞു തുടങ്ങി.... ഈ വർഷം പപ്പ വന്നപ്പോൾ പുത്തനുടുപ്പ്, ചോക്ലേറ്റ്, കളർപെൻസിൽ ഒക്കെ കിട്ടി. അതെല്ലാം ഈശോ അപ്പച്ചൻ തന്നതാണെന്നാ മമ്മി പഠിപ്പിച്ചത്.... കൈയടി തീരുമുമ്പേ അടുത്ത ഗ്രൂപ്പിൽനിന്നും ചുണക്കുട്ടനായ ആൽബിൽ അരങ്ങത്തെത്തി. ചിന്തോദ്ദീപങ്ങളായ ഉത്തരങ്ങൾ! ദൈവം തങ്ങളുടെ ഓരോരുത്തരുടെയും കുടുംബങ്ങൾക്കു നല്കിയ കാരുണ്യ-അനുഗ്രഹങ്ങളുടെ നിര!... അങ്കിളിനു ജോലി, ആന്റി സിസ്റ്ററായി ഉടുപ്പിട്ടു, ചേട്ടായിയുടെ വിവാഹം, സാമ്പത്തിക നേട്ടങ്ങൾ, വീടിന്റെ പണി നടന്നത്, മദ്യപാനത്തിൽ നിന്നുള്ള വിടുതൽ, അയൽപക്കബന്ധം ആഴപ്പെടൽ, അപകടനില തരണം ചെയ്തത്.... അങ്ങനെ ഒഴുകുന്ന ദൈവകരുണയുടെ പ്രവാഹത്തിന് അക്കമിടാൻ അവനു കഴിഞ്ഞില്ല... അടുത്ത ഊഴം കുടുംബിനിമാർക്ക്! പറയാ




നായി മുന്നോട്ടുവന്ന കുടുംബിനി ഒരൊറ്റ കരച്ചിൽ!, കൂടെ ഒരു സ്വരം മാത്രം: 'നല്ല ഭർത്താവിനെയും മക്കളെയും തന്ന കാരുണ്യവാനേ, നിനക്കു നന്ദി'.... അന്തരീക്ഷം നിശബ്ദമായി... അവസാനമിതാ കുഞ്ഞാപ്പിച്ചേട്ടൻ! എന്റെ മക്കളേ... എല്ലാം, നല്ലവനായ ദൈവത്തിന്റെ കാരുണ്യം മാത്രമാണ് എന്നു ഞാൻ വിചാരിക്കുന്നു, വിശ്വസിക്കുന്നു... ഇതു മാത്രമേ എനിക്കു പറയാനുള്ളു...

എല്ലാവരും സമ്മാനാർഹർ!!!

ഇവരുടെയെല്ലാം ഉത്തരങ്ങളിലൂടെ ചോദ്യം നമുക്കും വ്യക്തമാണല്ലോ!

*"അതുകൊണ്ട്, മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം"* (റോമാ 9:16). ഇതുതന്നെയല്ലേ കുഞ്ഞാപ്പിച്ചേട്ടൻ പറഞ്ഞ വചനവും! അതെ, ദൈവം, തന്റെ അനന്തശക്തിയുടെ മകുടമായി തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചപ്പോഴും തന്റെ സ്നേഹത്തിന്റെ കാരുണ്യം അവനിലേക്ക് ഒഴുക്കുകയായിരുന്നില്ലേ!

തന്റെ കാരുണ്യത്താൽ താൻ തിരഞ്ഞെടുത്ത ജനതയിൽനിന്ന് നല്ല ഫലങ്ങൾ കാണുവാൻ ദൈവം അവരെ ആകാംക്ഷയോടെ ഒരുക്കി, അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നും അവരെ രക്ഷിച്ചു. തങ്ങളുടെ ആകുലതകളിലും പരാതികളിലും അവർക്ക് വേണ്ടതെല്ലാം അവിടുന്ന് ഒരുക്കിക്കൊടുത്തു. അങ്ങനെ ദൈവത്തിന്റെ സ്വപ്നമായ വാഗ്ദത്തനാട്ടിലേക്ക് അവരെ കൈപിടിച്ചു നയിച്ചുകൊണ്ട് തന്റെ കാരുണ്യത്തിന്റെ ഉടമ്പടി *(കരുണയിൽ സമ്പന്നനായ ദൈവം)* അവിടുന്ന് നിറവേറ്റുകയായിരുന്നില്ലേ!

ഹൃദയവികാരങ്ങളുടെ ഒരു പങ്കുവയ്പ് മുകളിൽ നാം കണ്ടെങ്കിൽ നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായ ജീവിതത്തിൽ - അതായത്, എന്റെ ആത്മാവിനോട് കരുണ






കാണിക്കുന്ന ദൈവത്തെ, എന്റെ വ്യക്തിപരമായ പാപങ്ങൾ ക്ഷമിക്കുന്ന ദൈവകാരുണ്യത്തെയാണ് പ്രവാചകരിലൂടെയും സങ്കീർത്തനങ്ങളിലൂടെയും കണ്ടുമുട്ടുക. *"ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോടു ദയ തോന്നണമേ! അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമേ!"* (സങ്കീ 51). ദൈവകാരുണ്യത്തിന്റെ അക്ഷയ ഖനിയാണ് സങ്കീർത്തനങ്ങൾ. *"കർത്താവ് ആർദ്രഹൃദയനും കാരുണ്യവാനുമാണ്. ക്ഷമാശീലനും സ്നേഹനിധിയുമാണ്... ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണ് തന്റെ ഭക്തരോട് കർത്താവ് കാണിക്കുന്ന കാരുണ്യം"* (സങ്കീ 103:8-11). ദൈവകരുണ അനുഭവിച്ചപ്പോൾ മനുഷ്യന്റെ ഹൃദയത്തിൽനിന്ന് ഉയർന്ന ഭാവപ്രകടനമാണല്ലോ സങ്കീർത്തനങ്ങൾ. ഈ ഭാവം സ്തുതിപ്പുകളായും കൃതജ്ഞതാപ്രകാശനമായും അനുതാപകീർത്തനങ്ങളായും യാചനാപ്രാർത്ഥനകളായും ദൃശ്യമാക്കപ്പെടുന്നു.

*"അവിടുത്തെ കാരുണ്യം അനന്തമാണ്"* എന്ന് സങ്കീർത്തനങ്ങളിൽ ആവർത്തിക്കുന്നു. സകലതിനെയും സ്നേഹത്തിന്റെ ശാശ്വത രഹസ്യത്തിലേക്ക് ഉൾച്ചേർത്തുകൊണ്ട് സമയത്തിന്റെയും കാലത്തിന്റെയും മാനങ്ങളെ തുളച്ചുകടക്കുന്നു *(കാരുണ്യത്തിന്റെ മുഖം)*. പാപപങ്കിലമായ മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ തന്റെ ഏകജാതനെപ്പോലും നമുക്കായി നല്കിയ കരുണാസാഗരമാണ് ദൈവപിതാവ്. ദൈവത്തിന്റെ കരുണയുടെ മുഖം ഈശോമിശിഹായിലൂടെ ലോകം ദർശിച്ചു. മനുഷ്യനായവതരിച്ച ഈശോയുടെ അടിസ്ഥാന മനോഭാവം കരുണയുടേതായിരുന്നു. ഈ കരുണയുടെ പ്രവാഹമായിരുന്നു ഈശോയുടെ ജീവിതത്തിലുടനീളം ദൃശ്യമായത്. ദൈവിക സ്നേഹത്തിന്റെ രഹസ്യം അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുത്തുക എന്നതായിരുന്നു പിതാവിൽനിന്ന് ഈശോ സ്വീകരിച്ച ദൗത്യം. ഈ ദൗത്യം തന്റെ പരസ്യജീവിതത്തിലൂടെ ഈശോ സാക്ഷാത്കരിക്കുകയായിരുന്നു (*കരുണയിൽ സമ്പന്നനായ ദൈവം*).

ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്ന കരുണാർദ്രസ്നേഹത്തെ പ്രകീർത്തിക്കുന്ന ഗീതമാണല്ലോ 147-ാം സങ്കീർത്തനം. മർദ്ദിതർക്ക് നീതി നടത്തിക്കൊടുക്കുകയും വിശക്കുന്നവർക്ക് ആഹാരം നല്കുകയും ബന്ധിതരെ മോചിപ്പിക്കുകയും നിലംപറ്റിയവരെ എഴുന്നേല്പിക്കുകയും ചെയ്യുന്ന **ദൈവത്തിന്റെ കരുണാപൂർവ്വമായ പ്രവർത്തനങ്ങൾ അക്കമിട്ട് എണ്ണുവാൻ ആർക്കാണ് കഴിയുക!** പരി. പിതാവ് പ്രഖ്യാപിച്ചിരുന്ന കരുണയുടെ വിശുദ്ധ വത്സരം നവംബർ 20-ന് അവസാനിക്കുകയാണ്. അതിന്റെ ആപ്തവാക്യം **"പിതാവിനെപ്പോലെ കരുണയുള്ളവരാകുക"** എന്നതാണല്ലോ. കരുണയുടെ വിശുദ്ധ വത്സരം സമാപിച്ചാലും ഈ ആപ്തവാക്യം നമ്മെ പിന്തുടരണം. കരുണ വറ്റിപ്പോകുന്ന ഇന്നത്തെ ലോകത്തിൽ നമ്മുടെ ഹൃദയങ്ങൾ സദാനേരവും കരുണയുടെ നീരൊഴുക്കാവട്ടെ. വി. കുർബാനയിൽ സജീവമായി പങ്കെടുത്ത് ദൈവത്തിന്റെ കരുണ ആഴത്തിൽ അനുഭവിച്ചുകൊണ്ട് കരുണാർദ്രമായ നവജീവിതം രൂപപ്പെടുത്താനും അങ്ങനെ മിശിഹായിലൂടെ വെളിപ്പെട്ട കാരുണ്യത്തിന്റെ പൂർണ്ണത അനുഭവിച്ച് നന്ദിയുടെ ജീവിതം നയിക്കുവാനും കാരുണ്യത്തിന്റെ പ്രേഷിതരായിത്തീരുവാനും നമുക്കു സാധിക്കട്ടെ!

***2016 നവംബർ 15 കരുണയുടെ വർഷം സമാപനം***




കവിത

# നിലയ്ക്കാത്ത നാദം

മോശയുടെ കീർത്തനം - നിയമ. 32

**മിനി വന്ന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



ആകാശമേ ചെവിയോർക്കുക
ഭൂമിയേ എന്നുടെ വാക്കുകേൾക്കുക
മഴത്തുള്ളിപോൽ പതിയട്ടെയെന്നുപദേശം
ഹിമകണംപോൽ പൊഴിയട്ടെയെൻ മൊഴികൾ
ഇളം പുല്ലിനും സസ്യങ്ങൾക്കുമവയെന്നും
മൃദുലമാം വർഷധാരപോലെയല്ലോ.
　　ഇതാ ഞാൻ ഞാൻ മാത്രം ദൈവം
　　ഞാൻതന്നെ ദൈവം വേറൊന്നില്ല
　　ഞാൻതന്നെയല്ലോ ജീവനും സൗഖ്യവും
　　ഞാൻ തന്നെ എന്നേക്കും ജീവിക്കുന്നവൻ.
കർത്താവിനെ ഞാനെന്നും പ്രഘോഷിക്കും
ദൈവമഹത്ത്വം ഞാനെന്നും പ്രകീർത്തിക്കും
പാറയാം കർത്താവു പരിപൂർണനവൻ
നീതിമാനാം ദൈവം വിശ്വസ്തസത്യവാൻ
അവിടുന്നല്ലോ സ്രഷ്ടാവാം പരിപാലകൻ
അവിടുന്നുതന്നെ നിന്നെ മെനഞ്ഞവൻ.
　　ഇതാ ഞാൻ ...
ശൂന്യത ഓരിയിടും മണലാരിണ്യത്തിൽ
കണ്ടെത്തിയല്ലോ ദൈവമവനെയീമരുവിൽ
വാരിപ്പുണർന്നു തന്നോമനയായി മാറോടണച്ചു
കണ്ണിലുണ്ണിയായ് ഉള്ളോടു ചേർത്തണച്ചു
വയലിലെ വിളവും പാറയിലെ തേനും
ശിലയിലെ എണ്ണയും കുടിക്കാനവനേകി.
　　ഇതാ ഞാൻ ...
കൂടനക്കി കുഞ്ഞുങ്ങൾ തൻമീതെ പറക്കും
കഴുകനോ വിരിച്ച ചിറകിലവയെ താങ്ങുംപോൽ
നമ്മെ നയിപ്പതു ദൈവത്തിൻ കാരുണ്യമല്ലേ
നാമവന് ഓഹരിയും യാക്കോബവനവകാശവും
പാലും തൈരും വിശിഷ്ടമാം ധാന്യവും
ശുദ്ധമാം മുന്തിരിച്ചാറും ദൈവമവനേകി.
　　ഇതാ ഞാൻ ...



പ്രതീക്ഷയുടെ പൂമൊട്ടുകൾ



# അപരനിലേക്ക്

**ഡീക്കൻ ആൽബിൻ പാറയിൽ** O.Carm
സെന്റ് തോമസ് അപ്പ. സെമിനാരി, വടവാതൂർ

കൈയിലെടുത്ത് കണ്ണീരോടെ വീക്ഷിച്ചവസാനിപ്പിച്ച പുസ്തകം കസൻദസക്കിസ് എഴുതിയ ഫ്രാൻസിസിന്റെ ജീവിതത്തെ ആധാരമാക്കിയ നോവൽ "ദൈവത്തിന്റെ നിസ്വൻ". ജീവിതത്തിലേറ്റവും വെറുക്കുന്നത് കുഷ്ഠരോഗിയെ ആണെന്ന ഫ്രാൻസിസിന്റെ വാക്കുകേട്ട് കുഷ്ഠരോഗിയെ ചുംബിക്കാൻ ആവശ്യപ്പെടുന്ന ഈശ്വരദർശനം. ദയവും അറപ്പും നിറഞ്ഞ മനസ്സിന് മീതെ ഹൃദയനിലത്തെ ചുടുരക്തം പാഞ്ഞൊഴുകുമ്പോൾ പിറ്റേന്ന്, പാതയോരത്തു വച്ച് അവനെ, പാതി ദ്രവിച്ച മുഖമുള്ള, വിരലുകളുള്ള, ചലംനിറഞ്ഞ ചുണ്ടുകളോടു കൂടിയ അവനെ ഫ്രാൻസിസ് നിറഞ്ഞു ചുംബിക്കുകയാണ്. കരഞ്ഞത് കണ്ടു നിന്ന ലിയോ മാത്രമല്ല ദൈവവും കൂടിയായിരുന്നിരിക്കണം. നിമിഷങ്ങളുടെ ഇടവേളയ്ക്കുശേഷം ചലമേറിവന്നവൻ ഫ്രാൻസിസിന്റെ ഹൃദയത്തെ നിശ്ചലമാക്കി അപ്രത്യക്ഷനാവുമ്പോൾ കണ്ണീർചാലുകൾക്കിടയിൽ വിറയാർന്ന ചുണ്ടുകളോടെ ഫ്രാൻസിസ് പറയുന്നുണ്ട്: "കുഷ്ഠരോഗികളുടെയും പാപികളുടെയും ചുണ്ടിൽ നാം ചുംബിക്കുമ്പോൾ... അവർ മിശിഹായായിതീരുന്നു... ലിയോ"




കരുണയുടെ വർഷത്തിലായിരുന്നു നാം ഇതുവരെ. ദൈവകരുണ വഴിഞ്ഞൊഴുകിയ നാളുകൾ. നമ്മൾ ദൈവകാരുണ്യമായി മാറേണ്ട നാളുകൾ. ഇനിയും നമ്മൾ മിശിഹായാകേണ്ടിയിരുന്ന നാളുകൾ. പക്ഷേ കാലം തിരിച്ചാണ്. ദ്വീപുകളും മതിൽക്കെട്ടുകളും ഏറിവരുന്ന ഒരു കാലം. നമുക്കു ചുറ്റും നാം തന്നെ വേലിക്കെട്ടുകൾ തീർക്കുകയും അതിലേക്ക് ഒച്ചിനെപ്പോലെ നാം ചുരുങ്ങിക്കൂടുകയും ചെയ്യുന്ന കാലം. ഹൃദയത്തിനു കുറുകെ അന്യർക്ക് പ്രവേശനമില്ല എന്ന് എഴുതിവച്ചിരിക്കുന്ന ഹൃദയശൂന്യരുടെ കാലം. നീ നിന്റെ സഹോദരന്റെ കാവൽക്കാരനാണെന്ന ആദികൽപന കാറ്റിലും പേമാരിയിലും ഒഴുക്കികളഞ്ഞവർ. ഉത്തരങ്ങൾ തേടുന്ന ഒരുപാട് ചോദ്യങ്ങൾ നിറഞ്ഞകാലം. നിന്റെ സഹോദരന് നീ ചെയ്തപ്പോഴെല്ലാം എനക്കു തന്നെയാണ് ചെയ്തത് എന്ന വിധിവാചകം സൗകര്യം പോലെ മറന്നുകളയുന്നു നാം. ഒപ്പം, എന്റെ ജീവിതത്തിന്റെ പടിവാതിൽക്കൽ വ്രണബാധിതനായി കിടക്കുന്നവൻ എന്റെതന്നെ രക്തമാണെന്ന വെളിപാടിനെ അവഗണിക്കുന്നവരാകുന്നു നാം. സഹോദരനെ-എന്റെ പടിവാതിൽക്കൽ കിടന്നവനെ-തിരിച്ചറിയാതെപോയ നൊമ്പരം നമ്മെ വേദനിപ്പിക്കുന്നുണ്ടോ?



എന്റെ കാഴ്ചയുടെ പടിവാതിൽക്കൽ കിടക്കുന്നവൻ, എന്റെ കാൽവയ്പുകളുടെ ഉമ്മറപ്പടിയിൽ വേദനിച്ചു വരുന്നവൻ. എന്റെ കേൾവിയുടെ പടിവാതിൽക്കൽ തട്ടി പ്രതിധ്വനിക്കുന്ന അവന്റെ നിലവിളികൾ.. പിന്നെങ്ങനെയാണ് എനിക്കീ വർണ്ണഹർമ്മ്യത്തിൽ സുഖമായി ഉറങ്ങാനാവുക. കാൽ ചവിട്ടിയിറങ്ങുന്ന പടിവാതിൽക്കൽ അവൻ കിടന്നിട്ടും, അലക്ഷ്യമായ ഒരു നൂറു നോട്ടങ്ങൾ അവന്റെ മേൽ വീണിട്ടും അവയൊന്നും എനിക്കവനെ തിരിച്ചറിയാൻ കാരണമാകുന്നില്ല. ദൈന്യത തളംകെട്ടി നിൽക്കുന്ന അവന്റെ കണ്ണുകൾക്ക് മീതെ, അഴുകിപ്പോയ ജന്മത്തിന്റെ നൊമ്പരം പേറുന്ന അവന്റെ നീട്ടുന്ന കരങ്ങൾക്കുമീതെ പലവുരു കവച്ചു കടന്നിട്ടും എന്റെ നോട്ടങ്ങൾ ദൈവമേ, കാഴ്ചകളാവാതെ പോയല്ലോ... സഹോദരനെ തിരിച്ചറിയാനാവാത്തിടത്തോളം കാലം ദൈവസാന്നിദ്ധ്യത്തിന്റെ പുലരികൾ അന്യമാണെന്ന ഗുരുമൊഴി.

സുന്ദരകവാടത്തിൽ ഭിക്ഷ യാചിച്ചിരുന്നവനോട്: “നിനക്ക് തരാൻ ഒന്നുമില്ല എന്റെ കൈയിൽ. എനിക്കുള്ളത് ഞാൻ തരുന്നു. നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ എഴുന്നേറ്റ് നടക്കുക” എന്നു പറഞ്ഞത് വലിയ മുക്കുവനായ പത്രോസാണ്. പക്ഷേ ഇന്നോ... നിനക്കു തരാൻ ക്രിസ്തുവോ സുവി




ശേഷമോ എന്റെ കൈയിലില്ല. ഞങ്ങളുടെ കൈയിലുള്ള അധികാരത്തിന്റെയും പണത്തിന്റെയും നാമത്തിൽ എഴുന്നേറ്റ് ഇവിടെനിന്ന് മാറിക്കിടക്കുക. “get out of our way” ലജ്ജയാൽ തല താഴ്ത്തി നടക്കേണ്ടവരാകുന്നു നാം. തിരക്കു കളിൽ നിന്ന് തിരക്കുകളിലേക്കും ATM -ൽ നിന്ന് ഓഹരിക്കണക്കുകളിലേക്കും പറന്നിറങ്ങുന്നതിനിടയിൽ വഴിയിൽ കാണുന്നവനെ സഹോദരൻ എന്നതുപോട്ടെ മനുഷ്യനാണെന്ന് കരുതാൻപോലും നാം മറക്കുന്നു. കാഴ്ചകൾ നമുക്കന്യമാകുന്നത് നാം സുഭിക്ഷതയുടെ മറയിൽനിന്നുകൊണ്ട് കാണുന്നതുകൊണ്ടാണ്. വിതരണം ചെയ്യാൻ ഏല്പിച്ച മിഠായി പാത്രവുമായി ഒറ്റയ്ക്ക് ഓടിപ്പോയ കൊച്ചുവികൃതി ഇന്നും നമ്മുടെ ഉൾത്തടങ്ങളിൽ ഓടി നടക്കുന്നു. ഓഹരി സ്വന്തമാക്കി നാടുവിടാൻ ശ്രമിക്കുന്നു. പന്നിക്കൂടിന്റെ ജീർണതയാണ് പുത്രന്റെ കണ്ണു തെളിച്ചത്. ചുറ്റും ജ്വലിക്കുന്ന തീജ്ജ്വാലകളാണ്. ധനവാന്റെ കാഴ്ചയെ തെളിച്ചത്. പക്ഷേ അനുഭവത്തിൽ നിന്നേ പഠിക്കൂ എന്ന വാശിയിലാണ് നാം. കുന്തിരിക്ക സുഗന്ധം ഉയരുമ്പോഴും ICU വിൽ ചെന്നിട്ടാവാം ഒരു മാനസാന്തരം എന്നു കരുതുന്നവരായി നാം മാറുന്നത് എന്ത്? അപരനിൽ മറഞ്ഞിരിക്കുന്നത് മുറിപ്പാടിലെ മിശിഹയാണ്. എന്റെ സുഭിക്ഷതയുടെ മേശയിൽ നിന്ന് പതിക്കുന്ന ഭോജ്യം ഗ്രാനൈറ്റ് പതിച്ച എന്റെ ഫ്ളോറിലല്ല മറിച്ച് വരണ്ടുണങ്ങിയ ലാസറിന്റെ ഉദരത്തിലെത്താനെങ്കിലും നമ്മൾ അനുവദിക്കണം.

കരുണയോടെ നമ്മുടെ അന്വേഷണങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. സഹോദരനെ തിരിച്ചറിയാനുള്ള പുലരിവെട്ടം നമുക്ക് തെളിക്കേണ്ടിയിരിക്കുന്നു. തെരുവിന്റെ മരുഭൂമിയിലേക്ക് എറിയപ്പെട്ട... ഒരു നേരത്തെ ഭക്ഷണത്തിനായ് അടിയുണ്ടാക്കുന്ന, ചെമ്പിച്ച തലമുടിയും ജടയുമായി കടത്തിണ്ണകളിൽ അന്തിയുറങ്ങുന്ന മിശിഹായുടെ മിഴികളിൽ നോക്കി എത്രവട്ടം നമ്മൾ അറപ്പോടെ, നിസംഗതയോടെ കടന്നുപോയിരിക്കുന്നു. ഇനിയും നമ്മൾ മാറേണ്ടിയിരിക്കുന്നു. അസീസിയിലെ ഫ്രാൻസിസിനെപ്പോലെ പാവപ്പെട്ടവനിൽ മിശിഹായെ കണ്ട് ശുശ്രൂഷിച്ച മദർ തെരേസയെപ്പോലെ ജീവിതത്തെ ഒന്നു മാറ്റി ക്കാണാൻ ശ്രമിക്കാം. കരുണയോടെ വർഷത്തിന്റെ പരിണിതഫലമായെങ്കിലും നമ്മുടെ പ്രവർത്തനങ്ങളിൽ കാരുണ്യം നിറഞ്ഞു നിൽക്കട്ടെ. പുത്തൻ കിനാക്കളും കൂടാരങ്ങളും കൂട്ടുന്നവരുടെ ഈ ലോകത്തിൽ ബന്ധങ്ങളുടെ ഇഴയടുപ്പവും പണവും ഗ്ലാമറുമുള്ള കടുപ്പത്തിലാണ് എന്ന് അറിഞ്ഞവരുടെ നഷ്ടവസന്തത്തിന്റെ ചുളിവുകൾ എവിടെയും കാണാം. അതിനെ തിരുത്താൻ നമ്മുടെ ഒരു ചെറിയ നോട്ടം, കരുതൽ മാത്രം മതി. കാരണം നീതിയുടെ രാജകുമാരൻ ഏതു നിമിഷവും ഈ വഴിയേ കടന്നുവരാം. സമ്പാദിച്ചതും നേടിയതും എല്ലാം എന്റേതല്ലായിരുന്നെന്ന തിരിച്ചറിവിന് അധികം സമയം വേണ്ട... സൂക്ഷിച്ചു നോക്കിക്കേ... എല്ലാ കളികൾക്കും അവസാനം താഴെ തെളിഞ്ഞുകാണുന്നു പുപ്പൽ നിറഞ്ഞ ചുളിവുകൾ വീണ ഒരു വൃദ്ധമുഖം... ഒന്നുകൂടി സൂക്ഷിച്ചു നോക്കിയാൽ മനസ്സിലാവും- നാളത്തെ നമ്മുടെ അവസ്ഥയാണത് എന്ന്... എല്ലാം കാണാനും അറിയാനും ഒരു ജീവിതമേ ഉള്ളൂ... ദൈവപുത്രൻ എന്നെ കണ്ടതിന്റെയും ഞാൻ അവനെ കണ്ടതിന്റെയും അടയാളമായ ജീവിതം... സൂക്ഷിച്ച് നോക്കിക്കേ.... അകലെ നിൽക്കുന്ന സഹോദരനെ തിരിച്ചറിഞ്ഞോ... എത്ര കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുകയാണ്. അവനിലേക്ക് വയ്ക്കുന്ന ഓരോ ചുവടും മിശിഹായിലേക്കുള്ളതാണെന്ന് മനസ്സിലായോ... ലിയോ നമ്മുടെ ചുംബനത്തിൽ സ്നേഹത്തിനായുള്ള ചേർത്തണയ്ക്കലിൽ അവനും മിശിഹായായിത്തീരുന്നു.... ദൈവമേ... ഇനിയെന്നാണത്.




# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിന്റെ അവസാന കാലഘട്ടത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മിശിഹാ തന്റെ മണവാട്ടിയായ സഭയെ പിതാവിനു സമർപ്പിക്കുന്ന രക്ഷാകരരഹസ്യം ധ്യാനിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന പള്ളിക്കൂദാശക്കാലം. ദൈവം രൂപംകൊടുത്ത രക്ഷാകരപദ്ധതിയുടെ പൂർത്തീകരണം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന കാലഘട്ടം. “തിരുസഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കുവാൻ കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹായേ” എന്നാണല്ലോ പള്ളിക്കൂദാശക്കാലത്ത് കാറോസൂസായ്ക്കുശേഷം നാം ചൊല്ലുന്നത്. കളങ്കമേശാത്ത ജീവിതം നയിച്ചുകൊണ്ട് മിശിഹായിലൂടെയുള്ള ദൈവത്തിന്റെ ഈ രക്ഷാകരപദ്ധതിയോട് നാം സഹകരിക്കേണ്ടതുണ്ട്. കളങ്കമേശാത്ത വധുവായി ജീവിക്കുവാൻ തന്റെ ശരീരവും രക്തവും വിലയായി ഈശോ നല്കിയെന്ന് യാമപ്രാർത്ഥനയിൽ നാം അനുസ്മരിക്കുന്നു. “മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടാം” എന്ന് കുർബാനസ്വീകരണത്തിനു മുമ്പുള്ള കാറോസൂസായിലും നാം പ്രാർത്ഥിക്കുന്നു. മിശിഹായുടെ ശരീരരക്തങ്ങളിലൂടെ നമുക്കു നല്കപ്പെടുന്നത് മിശിഹായുടെ അരൂപിയാണ്; വിശുദ്ധിയുടെ അരൂപിയാണ്. ഈ അരൂപിയാണ് വിശുദ്ധിയിൽ ജീവിക്കുവാൻ നമ്മെ ശക്തിപ്പെടുത്തുന്നത്. അപ്രകാരം ശക്തിയാർജ്ജിച്ച് കളങ്കമില്ലാത്ത ജീവിതം നയിക്കുവാൻ നമുക്കു പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ അസംബ്ലി 2016 ഓഗസ്റ്റ് 21 മുതൽ 28 വരെയുള്ള തീയതികളിൽ ഇറ്റലിയിലെ സുബിയാക്കോയിൽവച്ച് നടന്നു. ഇന്ത്യ, ഇറ്റലി, അമേരിക്ക, മാൾട്ട, എന്നീ രാജ്യങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ സംബന്ധിച്ച പ്രസ്തുത അസംബ്ലി ബഹു. മാത്യു വെള്ളാനിക്കലച്ചനെ അടുത്ത 5 വർഷത്തേക്കുള്ള ജനറൽ മേജർ ഫാദറായി വീണ്ടും തെരഞ്ഞെടുത്തു. ബഹു. കൊല്ലംകുന്നേൽ സെബാസ്റ്റ്യനച്ചൻ ഇന്ത്യയിലെ നാഷണൽ മേജർ ഫാദറായി നിയമിക്കപ്പെടുകയും ചെയ്തു. അസംബ്ലിക്കുശേഷം ഇന്ത്യയിൽനിന്നുള്ള പ്രതിനിധികൾ ബഹു. ജനറൽ മേജർ ഫാദറിനോടൊപ്പം പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പായെ സന്ദർശിച്ച് ആശീർവാദം സ്വീകരിച്ചു. സെപ്റ്റംബർ 4-ാം തീയതി റോമിൽവച്ചു നടന്ന മദർ തെരേസായുടെ നാമകരണച്ചടങ്ങിൽ സംബന്ധിച്ചതിനുശേഷം സെപ്റ്റംബർ 5 ന് എല്ലാവരും ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.







# ദൈവം ഷോപ്പിംഗ് മാളിന്റെ ഉടമസ്ഥനോ?

**ഷിനി തെരേസ് മുതുപ്ലാക്കൽ**

സ്വർഗത്തിൽ കാണാൻ ഒത്തിരിയൊത്തിരി കാഴ്ചകൾ. കണ്ണുകണ്ടിട്ടില്ലാത്തതും കാതുകേട്ടിട്ടില്ലാത്തതുമായ നിരവധി കാര്യങ്ങൾ! എല്ലാം കണ്ട്, അത്ഭുതപ്പെട്ട്, ആസ്വദിച്ച് മുന്നോട്ടു നീങ്ങിയപ്പോൾ ആകാംക്ഷയുണർത്തുന്ന ഒരു ബോർഡ് - പോസ്റ്റ് ഓഫീസ്! സ്വർഗത്തിൽ ഇതുവരെ കണ്ടതിൽ ഏറ്റവും വലിയ കെട്ടിടം ഇതാണെന്നു തോന്നുന്നു...

ഭൂമിയിലെ നവീന സമ്പർക്കമാധ്യമങ്ങളൊന്നും സ്വർഗത്തിലെത്തിയിട്ടില്ലേ ആവോ? അല്ലെങ്കിൽ ഇത്ര വലിയ പോസ്റ്റ് ഓഫീസ് വേണ്ടി വരുമോ? ഏതായാലും ഒന്നു കയറിനോക്കാം.

ഗബ്രിയേൽ മാലാഖയാണ് പോസ്റ്റ് ഓഫീസിലെ പ്രധാന ചുമതലക്കാരൻ. പണ്ട് നസ്രത്തിലെ കന്യകയുടെ അടുത്ത് ദൈവംതമ്പുരാന്റെ ദൂതുമായി പോയതിനുശേഷമാണ് ഉദ്യോഗക്കയറ്റം കിട്ടിയതത്രേ! പല ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഓഫീസിൽ ധാരാളം മാലാഖമാർ ജോലി ചെയ്യുന്നുണ്ട്. ഓരോ ഭാഗത്തിന്റെയും കവാടത്തിൽ പേരുകൾ എഴുതിവച്ചിരിക്കുന്നു. ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടുള്ള കത്തുകൾ വരുന്ന ഭാഗത്ത് അധികം മാലാഖമാരുടെ ആവശ്യമുണ്ടായിരുന്നില്ല. അവർ വളരെ ശാന്തമായി ഓരോ കത്തും പല പ്രാവശ്യം നിവർത്തി നോക്കുകയും ഒരു ബുക്കിൽ എന്തൊക്കെയോ കുറിക്കുകയും ചെയ്യുന്നുണ്ട്. ആരാധനയുടെയും സ്തുതിയുടെയും കത്തുകൾ വരുന്നിടത്തും ഇതേ സ്ഥിതിതന്നെ.

ഇങ്ങനെയിങ്ങനെ ഓരോന്നും കണ്ടു കണ്ട് മുന്നോട്ടുപോയപ്പോൾ വളരെ വലിയ ഒരു മുറികണ്ടു. മാലാഖമാർക്ക് മുറിയിലേക്കു കയറാൻ പോലും സാധിക്കാത്തവിധം അകത്തും പുറത്തുമായി ഒത്തിരി കത്തുകൾ... അവ കുന്നുപോലെ കിടക്കുന്നതിനാൽ കവാടത്തിലെ പേരുപോലും വായിക്കാൻ പറ്റുന്നില്ല. ഒത്തിരി മാലാഖമാർ വളരെ




തിരക്കിൽ ഓടിനടന്ന് ജോലികൾ ചെയ്യുന്നു. ഈ കത്തുകളുടെ ഉള്ളടക്കമെന്താണെന്നറിയാൻ മാലാഖമാരോട് ഒന്നു ചോദിക്കാമായിരുന്നു. പക്ഷേ, തിരക്കിനിടയിൽ മുഖമൊന്നുയർത്താൻപോലും അവർക്കാവുന്നില്ല. അല്പം കഴിഞ്ഞപ്പോൾ അവരിൽ ഒരു മാലാഖ വളരെയധികം അവശനായി വരുന്നതുകണ്ടു. കത്തുകളുടെ ഉള്ളടക്കത്തെപ്പറ്റി ചോദിച്ചപ്പോൾ ഒന്നു നോക്കി... മറുപടി കിട്ടിയില്ല. വീണ്ടും വീണ്ടും ചോദിച്ചപ്പോൾ സഹികെട്ട് രോഷത്തോടെ മാലാഖ പറഞ്ഞു – "ആവലാതികൾ. അല്ലാതെന്ത്...".

മാലാഖ തുടർന്നു: "ആവശ്യങ്ങളുടെയും ആവലാതികളുടെയും ആധിക്യം നിമിത്തം ഇവിടുത്തെ വെബ്സൈറ്റുപോലും പ്രവർത്തനരഹിതമായി. അതുകൊണ്ട് ഞങ്ങൾക്ക് ജോലിഭാരം കൂടി. കഴമ്പുള്ള ആവശ്യങ്ങൾ എഴുതുന്ന കത്തുകളുടെ ശതമാനം വളരെവളരെ കുറവാണുതാനും. പലതും വായിക്കുമ്പോൾ തോന്നും ദൈവംതമ്പുരാൻ വല്ല ഷോപ്പിംഗ് മാളിന്റേയും ഉടമസ്ഥനാണോന്ന്... ചിലർ ദൈവത്തെ കൈക്കൂലിക്കാരനുമാക്കുന്നുണ്ടെന്നേ... ഇന്ന ആഗ്രഹം സാധിച്ചാൽ ഇന്നതു ചെയ്യാം എന്നൊക്കെ പറഞ്ഞാണ് എഴുത്തുകൾ വരുന്നത്.

ഇപ്പോൾ നവംബർ മാസമല്ലേ... ആരാധനക്രമവത്സരത്തിലെ പള്ളിക്കൂദാശക്കാലം ആചരിക്കുന്ന മാസം...? പൗരസ്ത്യ സുറിയാനി സഭാപാരമ്പര്യത്തിൽ, മംഗളവാർത്താക്കാലം തുടങ്ങി രക്ഷാകര സംഭവത്തിലെ ഓരോ ഘട്ടങ്ങളും അനുസ്മരിച്ചാഘോഷിച്ച് അവസാനം ഭൂമിയിലെ ജീവിതത്തിനു ശേഷം എല്ലാവരും സ്വർഗത്തിലെത്തിച്ചേരുന്നത് ധ്യാനവിഷയമാക്കുന്ന കാലം...? ലത്തീൻ സഭയിൽ ഇങ്ങനെയൊരു കാലഘട്ടം ഇല്ലെങ്കിലും മിശിഹാ സകലത്തിന്റെയും രാജാവായി വാഴുന്ന ചിന്തകളുണർത്തുന്ന, മിശിഹായുടെ രാജത്വത്തിരുനാൾ ആചരിച്ച് ആരാധനാവത്സരം സമാപിപ്പിക്കുന്നുണ്ടല്ലോ. പാശ്ചാത്യസുറിയാനി സഭാപാരമ്പര്യത്തിൽപ്പെട്ടവർ അവരുടെ ആരാധനാവത്സരം തുടങ്ങുന്നതുതന്നെ സ്വർഗീയജീവിതം ധ്യാനിച്ചുകൊണ്ടാണ്.

യുഗങ്ങളുടെ അന്ത്യത്തിൽ മിശിഹാ തന്റെ മണവാട്ടിയായ സഭയെ പിതാവിനു സമർപ്പിക്കുന്നത് സഭാംഗങ്ങൾ പ്രതീക്ഷയോടെ മുൻകൂട്ടി ദർശിക്കേണ്ട കാലമാണ് പള്ളിക്കൂദാശക്കാലം. വരാൻ പോകുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നടത്തേണ്ട കാലം.

മിശിഹാ സഭയെ തന്റെ മണവാട്ടിയായി ഉയർത്തി. മണവാട്ടിയായ സഭ മണവാളനായ ഈശോയുടെ വരവും കാത്ത് പ്രതീക്ഷയോടെ മുന്നേറുകയാണ്. മിശിഹാ വീണ്ടും ആഗതനാകുമ്പോൾ ഓരോരുത്തരും സ്വർഗീയജീവിതത്തിന് അർഹരാകുവാൻ തക്കവിധമുള്ള പരിശുദ്ധമായ ജീവിതം നയിക്കണമെന്ന് പള്ളിക്കൂദാശക്കാലത്തെ യാമപ്രാർത്ഥനകളിലൂടെ ഓർമ്മിപ്പിക്കുന്നുണ്ട്.

തിരുസഭയെ ഒരു നൗകയോട് ഉപമിക്കുന്നതായും യാമപ്രാർത്ഥനയിൽ കാണുന്നുണ്ട്. സഭാംഗങ്ങൾക്ക് ഭക്ഷണവും പാനീയവുമായി ഈശോയുടെ തിരുശരീരരക്തങ്ങൾ നല്കി അവരെ പരിപോഷിപ്പിച്ച് സ്വർഗീയപിതാവിന്റെ സവിധത്തിലേക്ക് അവരെ നയിക്കുന്ന നൗക. ഈ യാത്രയിൽ തിരമാലകളും കൊടുങ്കാറ്റുകളുമുണ്ടാകും. അപ്പോഴൊക്കെ സ്ലീവായുടെ തണലിൽ അഭയംതേടാൻ എല്ലാവർക്കും കഴിയണം.

ഇങ്ങനെ എത്ര നല്ല ആത്മീയചിന്തകളാണ് തിരുസഭ തന്റെ മക്കൾക്ക് നല്കുന്നത്. പക്ഷേ, സഭയുടെ പ്രാർത്ഥനയോടൊത്ത് എത്ര പേർ പ്രാർത്ഥിക്കുന്നുണ്ടാവും...? സഭ നല്കുന്ന ആത്മീയപോഷണം രുചിക്കാൻ എത്ര പേർ തുനിയുന്നുണ്ടാവും...?

ഇവിടെ വരുന്ന ബഹുഭൂരിപക്ഷം കത്തുകൾ വായിക്കുമ്പോൾ എനിക്കൊരു സംശയം തോന്നാറുണ്ട് – എഴുതുന്നവരിൽ എത്ര പേർ സ്വർഗത്തിലുള്ള നിത്യജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നുണ്ടാവും...! ഭൂമിയിലെ തങ്ങളുടെ ജീവിതം ഒരിക്കൽ അവസാനിക്കുമെന്നോർക്കുന്നുണ്ടാവും...? ദൈവഹിതത്തിനു വിരുദ്ധമായ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ തുനിഞ്ഞിറങ്ങുന്നവർ അതിനായി കാട്ടിക്കൂട്ടുന്നതൊക്കെ കാണുമ്പോൾ..." സംസാരം പാതിവഴിയിൽ അവസാനിപ്പിച്ച് മാലാഖ മടങ്ങുമ്പോൾ ആ മുഖത്ത് നിരാശ നിഴലിച്ചിരുന്നുവോ ആവോ...?

കഥയിൽ ചോദ്യമില്ല. പക്ഷേ, ചിന്തകൾക്ക് അതൊരു നിമിത്തമാകാം.



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ജപമാലരാജ്ഞി, പാപികളുടെ സങ്കേതമേ,. ലോകയാത്രയിൽ ആടിയുഴലുന്ന ഞങ്ങൾക്ക് പ്രതീക്ഷയുടെ തീരം കാണിച്ചുതന്ന് സ്വർഗ്ഗീയ അനുഭവത്തിന്റെ, ഒരിക്കലും അവസാനിക്കാത്ത സന്തോഷത്തിന്റെ, പ്രതീക്ഷയുടെ വഴി കാണിച്ചുതന്നവളേ, ഞങ്ങൾ അർപ്പിക്കുന്ന ഈ ജപമാല രഹസ്യങ്ങൾ ഭക്തിയോടെ, സ്നേഹത്തോടെ പൂർത്തിയാക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ

**1. പ്രതീക്ഷയുടെ അമ്മയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**

ജീവിത യാത്രയിലുടനീളം പ്രതീക്ഷ കൈവിടാതെ ദൈവഹിതത്തിനു പരിപൂർണ്ണമായി സമർപ്പിച്ച ജീവിതമായിരുന്നു അമ്മയുടേത്. അമ്മേ, കുരിശിൻ ചുവട്ടിൽപോലും നീ പ്രതീക്ഷ കൈവെടിഞ്ഞില്ലല്ലോ. നീ ഞങ്ങൾക്കു കാണിച്ചുതന്ന വഴികളിലൂടെ അനുസ്യൂതം നീങ്ങാൻ, സ്വർഗ്ഗത്തിലെത്തി മാലാഖമാരോടൊത്ത് ദൈവത്തെ സ്തുതിക്കാൻ ഞങ്ങൾക്കായ് പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

**2. എളിമയുടെ വഴിയിലൂടെ സ്വർഗ്ഗത്തിലെത്തിയ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**

പരി. അമ്മയിൽ വിളങ്ങി നിന്നിരുന്ന പുണ്യമായിരുന്നു എളിമയും ദൈവഹിതാനുസരണവും. അമ്മേ, നിന്റെ ജീവിതയാത്രയിൽ നിറഞ്ഞുനിന്ന ദൈവാശ്രയബോധം ഞങ്ങളിലും വിളങ്ങി, ജീവിതയാത്രകൾ ദൈവാനുഗ്രഹപ്രദങ്ങളാക്കി സ്വർഗ്ഗത്തെ മുന്നിൽ കണ്ട് ജീവിക്കാൻ ഞങ്ങളെ സഹായിക്കണമെ.1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

**3. ത്രിത്വസ്നേഹത്തിന് പാത്രീഭൂതയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**

പിതാവായ ദൈവത്തിനും പുത്രനായ ഈശോയ്ക്കും പരിശുദ്ധാത്മാവിനും ഒന്നുപോലെ പ്രസാദിച്ചവൾ അമ്മ... മാതാവേ, ഞങ്ങൾ ത്രിത്വസ്നേഹത്തിൽ അധിഷ്ഠിതമായി ജീവിക്കുവാനും സ്വർഗ്ഗത്തിൽ എത്തി പിതാവിനെ മുഖാഭിമുഖം കാണാമെന്ന വിശ്വാസത്തിൽ വളരുവാനും നീ പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

**4. സ്വർഗ്ഗീയ അമ്മയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**

പാപപങ്കിലയാകാതെ സ്വശരീരത്തോടെ സ്വർഗ്ഗത്തിലെത്തി പരി. മറിയം നമുക്ക് മാതൃക കാണിച്ചു. നമ്മെയും സ്വർഗ്ഗത്തിലെത്തിക്കാൻ നമുക്കായ് സ്വർഗ്ഗത്തിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്നവൾ... അമ്മേ, പാപികളുടെ ആശ്രയമേ, സ്വർഗ്ഗീയ റാണീ, ഞങ്ങൾ പാപികളെങ്കിലും അമ്മയുടെ മാധ്യസ്ഥ്യശക്തിയാൽ ഞങ്ങളെയും സ്വർഗ്ഗത്തിലെത്താൻ സഹായിക്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

**5. സഭാമക്കളുടെ സ്വർഗ്ഗീയ പ്രതീക്ഷയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം**

സ്വർഗ്ഗത്തെ മുന്നിൽ കണ്ട്, ഈ ലോകത്തിലെ ജീവിതത്തിനുശേഷം സ്വർഗ്ഗത്തിലെത്തി പിതാവായ ദൈവത്തിന് ആരാധനയും സ്തുതിയും അർപ്പിക്കാമെന്ന പ്രതീക്ഷ സഭാമക്കൾക്കു നല്കി അവർക്കു വഴികാട്ടിയായി മാറിയ അമ്മേ, നിരാശരാകാതെ, വഴിയാത്രയിൽ തളരാതെ, വലിയ പ്രത്യാശയിൽ മുന്നേറുവാൻ വേണ്ട ശക്തിക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

അമ്മേ, സ്വർഗ്ഗീയ റാണീ, സ്വർഗ്ഗത്തെ ലക്ഷ്യംവച്ചവളേ... പള്ളിക്കൂദാശ കാലത്തിൽക്കൂടി കടന്നുപോകുമ്പോൾ സഭാമക്കളായ ഞങ്ങൾ സ്വർഗ്ഗത്തെ ലക്ഷ്യംവച്ച് ആ സന്തോഷം അനുഭവിച്ച്, ജീവിക്കാൻ വേണ്ട കൃപ ഞങ്ങളുടെ അനുദിനജീവിത സഹനങ്ങളിലൂടെ കണ്ടെത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ





വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ  വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

# Spirituality Centre Programme

## November

| | |
|---|---|
| 12 | Social Animators & School of Bible |
| 15 | Bible Study Forum |
| 15-16 | Cenacle Gathering (Sodales&Aspirants) |
| 19 | Recollection for Oblates |

RNI: KERMAL/2014/59983
Published on
24th October 2016

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

''ഭൂസ്വർഗങ്ങൾക്കധിപധിയായ്
നാഥൻ വാണരുളീടുന്നു
താതൻ തൻ തിരുസവിധത്തിൽ.
സ്വർഗീയരുമായണിചേരാം
'പരിശുദ്ധൻ നീ'യെന്നേവം
അവനെ വാഴ്ത്തി വണങ്ങീടാം''

(പള്ളിക്കൂദാശക്കാലം, തിങ്കൾ - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal